# മുസ്ലിംകളുടെ രക്ഷാമാർഗ്ഗം

**ശൈഖുൽ ഹദീസ് ഹസ്രത്ത്**
**മൗലാനാ മുഹമ്മദ് സകരിയ്യാ رحمة الله عليه**

വിവർത്തകൻ
ഹാഫിസ് പി.പി മുഹമ്മദ് ഇസ്ഹാഖ് മൗലവി അൽ ഖാസിമി കാഞ്ഞാർ

പ്രസാധനം
സയ്യിദ് ഹസനി അക്കാദമി
ദാറുൽ ഉലൂം
ഓച്ചിറ,കൊല്ലം

# ബിസ്മില്ലാഹ്...

പ്രപഞ്ചത്തിന്റെ അധിപനായ അല്ലാഹു, അനുഗ്രഹീതമായ ദീനുൽ ഇസ്‌ലാം നൽകി ആദരിച്ച ജനവിഭാഗമാണ് മുസ്‌ലിം സമുദായം. ഈ സമുദായത്തിലെ ആദ്യവിഭാഗം ദീനിനെ തങ്ങളുടെ ജീവിത വ്യവസ്ഥിതിയായി അംഗീകരിച്ച് ജീവിതം നയിച്ച് ഭൗതിക പാരത്രിക വിജയങ്ങളുടെ സോപാനത്തിലെത്തിയെന്നത് ഒരു ചരിത്ര സത്യം മാത്രമാണ്. ഇസ്‌ലാമിക ജീവിതത്തിന്റെ രാജവീഥിയിലൂടെ അവർ അല്ലാഹുവിന്റെ സഹായത്തിനർഹരായി. വിജയത്തിന്റെയും പ്രതാപത്തിന്റെയും വെള്ളരിപ്രാവുകൾ അവരെത്തേടിയെത്തി. സനാതന മൂല്യങ്ങളുടെ ഉടമകളായി അവർ മാറി. മാനവ സമൂഹത്തിന്റെ മാതൃകാ പുരുഷന്മാരായി ലോകം അവർക്ക് അംഗീകാരം നൽകി.

മുസ്‌ലിം സമുദായം പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അഭിമുഖീകരിക്കുന്ന യുഗമാണിത്. നാനാഭാഗത്ത് നിന്നും ഒളിയമ്പുകൾ ഈ സമുദായത്തെ ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ ദിവ്യപ്രഭയുടെ പ്രകാശം ഊതിക്കെടുത്താമെന്ന വ്യാമോഹത്തിൽ ഭൗതിക-പൈശാചിക ശക്തികൾ തേരുകൾ തെളിച്ച് നീങ്ങുന്നു. സത്യവിശ്വാസികളെ സഹായിക്കൽ നമ്മുടെ കടമയാണെന്ന സ്രഷ്ടാവിന്റെ ഉറച്ച പ്രഖ്യാപനം പ്രതിസന്ധികളുടെ കൂരിരുട്ടിലും ആത്മവിശ്വാസത്തിന്റെ രജത രേഖയായി ഈ സമുദായം കാണുന്നു. സമുദായ ശരീരത്തെ ഗ്രസിച്ചിരിക്കുന്ന മഹാമാരികൾക്ക് വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ദ ചികിത്സ നൽകുന്നവരായിരുന്നു മഹാന്മാരായ ഉലമാക്കൾ. സുദീർഘമായ ആ പട്ടികയിലെ

തിളങ്ങുന്ന താരമാണ് ശൈഖുൽ ഹദീസ് ഹസ്രത്ത് മൗലാനാ സകരിയ്യാ കാന്ദലവി (റ).

മുസ്ലിം സമുദായത്തിന്റെ അധ:പതന കാരണങ്ങൾ വിശകലനം ചെയ്യുന്നതോടൊപ്പം സമുദായത്തിന്റെ രക്ഷാമാർഗ്ഗം ഹസ്രത്ത് അവർകൾ ഈ ചെറു കൃതിയിൽ വരച്ച് കാട്ടുന്നു. അസ്ഹാബു സആദത്തിൽ മുസ്ലിമീൻ എന്ന പേരിൽ മഹാനവർകളാൽ വിരചിതമായ അറബി ഗ്രന്ഥത്തിന്റെ സംക്ഷിപ്ത വിവർത്തനമാണ് അനുവാചക ഹസ്തങ്ങളിൽ അർപ്പിതമായിരിക്കുന്ന ഈ ചെറു കൃതി. അല്ലാഹു മഹാനവർകളെ അനുഗ്രഹിച്ച് ഉഖ്റവിയായ ദറജകൾ ഉയർത്തുമാറാകട്ടെ. ആമീൻ

ഈ വിശിഷ്ട കൃതിയുടെ അന്തസത്ത് ഉൾക്കൊണ്ട് രക്ഷാമാർഗ്ഗം അവലംബിച്ച് വിജയം വരിക്കുന്നതിനുള്ള സൗഭാഗ്യം പടച്ചവൻ നാം ഏവർക്കും നൽകി അനുഗ്രഹിക്കട്ടെ എന്ന ദുആയോട് കൂടി ഈ ചെറു കൃതി അനുവാചക ഹസ്തങ്ങളിൽ സമർപ്പിച്ച് കൊള്ളുന്നു.

എന്ന് വിനയ പൂർവ്വം
ഹാഫിസ് മുഹമ്മദ് ഇസ്ഹാഖ് മൗലവി
അൽ ഖാസിമി കാഞ്ഞാർ

# മുസ്‌ലിംകളുടെ രക്ഷാമാർഗ്ഗം

മുസ്‌ലിംകൾ ഇന്ന് സാമുദായകവും സാമൂഹ്യവുമായ വിവിധ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും അകപ്പെട്ട് കഴിയുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. അവയുടെ പരിഹാര മാർഗ്ഗങ്ങൾ മനസ്സിലാക്കി അവയെ ജീവിതത്തിലേക്ക് പകർത്തുക എന്നുള്ളത് മുസ്‌ലിംകളായ നാം ഓരോരുത്തരുടെയും കടമയുമാണ്.

പ്രപഞ്ചത്തിന്റെ അധിപനായ അല്ലാഹു ദീനുൽ ഇസ്‌ലാമിനെ വിശുദ്ധ ഖുർആനിൽ ഇപ്രകാരം പരിചയപ്പെടുത്തുന്നു: ഇന്നേ ദിവസം നിങ്ങളുടെ മതത്തെ ഞാൻ നിങ്ങൾക്ക് പൂർണ്ണമാക്കിത്തരുകയും ഇസ്‌ലാം നിങ്ങൾക്ക് മതമായി ഞാൻ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. (വി.ഖു 5:3)

ഇസ്‌ലാം എത്ര അനുഗ്രഹീതം? ഇസ്‌ലാം അത് എത്ര സമ്പൂർണ്ണം? സമ്പൂർണ്ണമായ ഈ മതത്തിന്റെ അനുയായികളായ മുസ്‌ലിംകൾ ഒരിക്കലും പരിഭ്രമിക്കേണ്ടവരല്ല. അല്ലാഹുവും അന്ത്യപ്രവാചകനായ റസൂലുല്ലാഹി ﷺയും ഭൗതികവും പാരത്രികവുമായ അഖില പ്രശ്നങ്ങൾക്കും വ്യക്തമായ പ്രതിവിധികൾ അർത്ഥ ശങ്കയ്ക്കിടമില്ലാത്ത ഭാഷയിൽ നമ്മുടെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നു. ഉപരിപ്ലവ വാക്കുകളിലൂടെ അപ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയല്ല. മറിച്ച് റസൂലുല്ലാഹി ﷺയും ബഹുമാന്യരായ സഹാബാ കിറാമും അവയെ ജീവിതത്തിലേക്ക് പകർത്തി പ്രായോഗിക വൽക്കരിക്കുകയാണ് ചെയ്തത്. പ്രായോഗികമായ ആ നിർദ്ദേശങ്ങളെ അതവാ റസൂലുല്ലാഹി ﷺയുടെ ജീവിത മാതൃകകളെ അനുധാവനം ചെയ്യുന്നതിൽ നമ്മുടെ ഭൗതിക പാരത്രിക വിജയങ്ങൾ നിലകൊള്ളുന്നു.

റസൂലുല്ലാഹി ﷺയെ പിന്തുടരൽ പാഴ് വേലയായും തങ്ങളുടെ സുന്നത്തുകളെ ജീവിതത്തിലേക്ക് പകർത്തൽ സങ്കുചിതത്വമായും വീക്ഷിക്കപ്പെടുന്ന സ്ഥിതിവിശേഷം സമുദായത്തിൽ സംജാതമായാൽ പാരത്രിക ജീവിതത്തിലെ നമ്മുടെ നില എന്താകുമെന്ന കാര്യം വളരെ വ്യക്തമാണ്. ഭൗതിക രംഗത്ത് നമ്മുടെ നില നമ്മുടെ നഗ്ന നേത്രങ്ങൾ കൊണ്ട് നാം കണ്ടുകൊണ്ടിരിക്കുന്നു. റസൂലുല്ലാഹി ﷺയുടെ ഓരോ ചലനങ്ങളും ബഹുമാന്യരായ സഹാബാ കിറാമും മുഹദ്ദിസുകളായ മഹാത്മാക്കളും ഒരു തുറന്ന പുസ്തകമായി നമ്മുടെ മുമ്പിൽ സമർ

പ്പിച്ചിരിക്കുന്നു. ഒരു ഭാഗത്ത് ആ തുറന്ന പുസ്തകവും മറുഭാഗത്ത് സമുദായത്തിന്റെ സ്ഥിതിവിശേഷവും മുമ്പിൽ വെച്ച് താരതമ്യ പഠനം നടത്തുമ്പോൾ ഒരു കാര്യം ബോധ്യപ്പെടുന്നു: റസൂലുല്ലാഹി ﷺയുടെ വിശുദ്ധ ജീവിതത്തിലെ തിരുസുന്നത്തുകൾ ഓരോന്നായി സമുദായം സധൈര്യം കൈവെടിഞ്ഞുകൊണ്ടിരിക്കുന്നു. സുന്നത്തുകളെ കൈവെടിയുക മാത്രമല്ല, സുന്നത്തുകളെ നിഷേധിക്കുവാൻ തന്നെ സമുദായം ധൈര്യപ്പെട്ട് തുടങ്ങിയിരിക്കുന്നു. സുന്നത്തുകളുടെ ഭാഗത്തേക്ക് ശ്രദ്ധ തിരിക്കുന്നവർ മഠയന്മാരായി ചിത്രീകരിക്കപ്പെടുന്നു. ഇതിനേക്കാൾ വലിയ അക്രമം എന്താണുള്ളത്? ഈ സാഹചര്യത്തിൽ പ്രശ്നങ്ങളെയും പരീക്ഷണങ്ങളെയും സംബന്ധിച്ച് പരാതിപ്പെടാൻ നാം അർഹരാണോ? അല്ലാഹു പരിശുദ്ധ ഖുർആനിൽ അർത്ഥ ശങ്കക്കിടമില്ലാത്തവിധം വ്യക്തമാക്കുന്നു: നിങ്ങൾക്ക് പിണയുന്ന ആപത്തുകൾ എന്തും നിങ്ങളുടെ കൈകൾ ചെയ്ത (തിന്മകൾ) കാരണമത്രെ. അധികത്തെയും അവൻ മാപ്പ് ചെയ്യുന്നു. ഭൂമിയിൽ നിങ്ങൾ (അവനെ) അശക്തനാക്കുകയില്ല. നിങ്ങൾക്ക് അല്ലാഹുവിനെ കൂടാതെ രക്ഷാധികാരിയുമില്ല. (വേറൊരു) സഹായിയുമില്ല. (വി.ഖു. 42:30,31)

മനുഷ്യരുടെ കരങ്ങൾ സമ്പാദിച്ച (തിന്മ) മൂലം കരയിലും കടലിലും നാശങ്ങൾ പ്രത്യക്ഷപ്പെട്ട് വരുന്നു. അവർ പ്രവർത്തിച്ചതിൽ ചിലത് (അല്ലാഹു) അവരെ രുചിപ്പിക്കുന്നതിനും (തൽഫലമായി) അവർ മടങ്ങി വരുന്നതിന് വേണ്ടി. (വി. ഖു. 30:41)

ഇതേ ആശയം ഉൾക്കൊള്ളുന്ന വിവിധ ആയത്തുകൾ പരിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. പ്രഥമ ആയത്തിനെ വിവരിച്ചു കൊണ്ട് ഹസ്രത്ത് അലിയ്യ് (റ) ഇപ്രകാരം അരുളുന്നു: ഒരു പ്രാവശ്യം റസൂലുല്ലാഹി ﷺ എന്നെ വിളിച്ച് ഇപ്രകാരം അരുളി: ഈ ആയത്തിനെ നിനക്ക് ഞാൻ വിവരിച്ച് തരാം. അലിയ്യേ, ദുൻയാവിൽ നിങ്ങൾക്കുണ്ടാകുന്ന രോഗവും ശിക്ഷയും പരീക്ഷണവുമെല്ലാം നിങ്ങളുടെ കരങ്ങൾ സമ്പാദിച്ചത് തന്നെയാണ്. (നിങ്ങളുടെ പ്രവർത്തന ഫലമാണ്.) ഹസ്രത്ത് ഹസൻ ബസരി (റ) നിവേദനം ചെയ്യുന്നു: ഈ ആയത്ത് അവതരിച്ചപ്പോൾ റസൂലുല്ലാഹി ﷺ അരുളി: എന്റെ ആത്മാവ് സ്ഥിതി ചെയ്യുന്ന രക്ഷിതാവിൽ സത്യം. മരക്കഷ്ണം തട്ടിയുണ്ടാകുന്ന പാടും ഞരമ്പ് പിടക്കലും കാലുകൾ വഴുതി വീഴലും പാപം കാരണമല്ലാതെ സംഭവിക്കുയില്ല.

ഹസ്രത്ത് അബൂമൂസാ (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി ﷺ അരുളി: ഒരു മനുഷ്യന് ഒരു മുറിവോ, അതിലും ചെറിയ ഒരു കാര്യമോ

ഉണ്ടാകുന്നത് അവന്റെ ഏതെങ്കിലും പ്രവർത്തനത്തിന്റെ അനന്തര ഫലമാണ്. ഹസ്രത്ത് ഇംറാനുബ്നു ഹസീൻ (റ) അവർകളുടെ ശരീരത്തിൽ എന്തോ ഒരു വേദന അനുഭവപ്പെട്ടു. രോഗ സന്ദർശനത്തിന് വരുന്നവരെല്ലാം ദു:ഖം പ്രകടിപ്പിക്കുമായിരുന്നു. മഹാനവർകൾ ചോദിച്ചു: എന്തിന് ദു:ഖിക്കണം? എന്റെ ഏതോ പാപം കാരണമാണല്ലോ ഈ വേദന എനിയ്ക്കുണ്ടായത്.

ഹസ്രത്ത് സഹ്ഹാക് (റ) വിവരിക്കുന്നു: ഖുർആൻ മന:പാഠമാക്കിയ ഒരു മനുഷ്യൻ അതിനെ മറക്കുന്നത് അവന്റെ പാപം കാരണമായാണ്. ഉടനെ മേൽ വിവരിച്ച ആയത്ത് ഓതിക്കേൾപ്പിച്ചുകൊണ്ട് മഹാനവർകൾ ചോദിച്ചു: ഖുർആൻ ശരീഫിനെ മറക്കുന്നതിനേക്കാൾ വലിയ ആപത്ത് എന്താണുള്ളത്? ഹസ്രത്ത് അബൂബക്ർ സിദ്ദീഖ് (റ) അവർകളുടെ മകളായ ഹസ്രത്ത് അസ്മാ (റ)യ്ക്ക് തലവേദന അനുഭവപ്പെട്ടപ്പോൾ തലയിൽ കൈ വെച്ചുകൊണ്ട് അവർ പറഞ്ഞു: ഇത് എന്റെ ഏതോ ദോഷം കാരണമായി ഉണ്ടായതാണ്. (ഇബ്നു കസീർ)

ചിലപ്പോൾ രോഗങ്ങളും ആപത്തുകളും ഇതല്ലാത്ത കാരണങ്ങളാലും ഉണ്ടാകാം. പാപരഹിതമായ പ്രവാചകരും പാപമെന്തന്നറിയാത്ത പിഞ്ച് കുഞ്ഞുങ്ങൾ പോലും ആ സന്ദർഭങ്ങളിൽ അതിന് വിധേയരായിയെന്ന് വരാം. അതിന്റെ കാരണങ്ങളും അതുമായി ബന്ധപ്പെട്ട ആയത്തുകളും ഹദീസുകളും ഇവിടെ ഉദ്ധരിക്കൽ ഉദ്ദേശമല്ല. മേൽ വിവരിക്കപ്പെട്ട ആയത്തുകളിലും ഹദീസുകളിലും സൂചിപ്പിക്കപ്പെട്ട ഒരു തത്വത്തിലേക്കും അതിന്റെ കാരണത്തിലേക്കും വിരൽ ചൂണ്ടലാണ് ലക്ഷ്യം. ആ കാരണത്തിന്റെ ശക്തി കാരണമായി അതിന്റെ കെടുതികൾ ആ പാപകർമ്മങ്ങളുമായി ഒരു ബന്ധവുമില്ലാത്തവരെയും ചിലപ്പോൾ അത് ബാധിച്ചുവെന്ന് വരാം. ഹസ്രത്ത് ആഇശ (റ) നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: റസൂലുല്ലാഹി ﷺ അരുളി: അവസാന കാലഘട്ടം എന്റെ സമുദായത്തെ ഭൂമി പിടുത്തവും കോലം മാറിക്കലും ആകാശത്ത് നിന്നും ഇറങ്ങുന്ന ശിക്ഷയും ബാധിക്കുന്നതാണ്. ആഇശ (റ) പറയുന്നു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ ﷺ, ഞങ്ങളിൽ സജ്ജനങ്ങൾ അവശേഷിക്കുമ്പോഴും ഞങ്ങൾ നശിപ്പിക്കപ്പെടുമോ? റസൂലുല്ലാഹി ﷺ അരുളി: അതെ, ദുഷ്പ്രവർത്തനങ്ങൾ അധികരിച്ചാൽ! (തിർമിദി)

സമുദായത്തിൽ ദുഷിച്ച പ്രവർത്തനങ്ങൾ അധികരിച്ചാൽ സജ്ജനങ്ങൾ നിലനിൽക്കുന്നതിനോടൊപ്പം തന്നെ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുന്നതാണെന്ന് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു. പരസ്പരം

സൽപ്രവർത്തനങ്ങൾ കൊണ്ട് ഉപദേശിക്കുകയും ദുഷ്പ്രവർത്തനങ്ങൾ തടയപ്പെടാതിരിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുന്നതാണെന്ന് മുന്നറിയിപ്പ് നൽകുന്ന വളരെയധികം ഹദീസുകൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഹസ്രത്ത് ഹുദൈഫ (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി ﷺ അരുളി: എന്റെ ആത്മാവ് നിലകൊള്ളുന്ന രക്ഷിതാവിൽ സത്യം. നിശ്ചയം നിങ്ങൾ നന്മയെ ഉപദേശിക്കുകയും തിന്മ തടയുകയും ചെയ്യുക. അല്ലാത്തപക്ഷം അല്ലാഹു അവന്റെ ഭാഗത്ത് നിന്നുള്ള ശിക്ഷയെ നിങ്ങളുടെ മേൽ ഇറക്കുന്നതാണ്. അപ്പോൾ നിങ്ങൾ അവനോട് ദുആ ചെയ്യും. പക്ഷേ, നിങ്ങളുടെ ദുആ സ്വീകരിക്കപ്പെടുന്നതല്ല. (തിർമിദി)

ഹസ്രത്ത് ജരീദുബ്നു അബ്ദില്ലാഹ് (റ) പറയുന്നു: ഞാൻ റസൂലുല്ലാഹി ﷺ തങ്ങൾ പറയുന്നതായി കേട്ടു: സമൂഹത്തിൽ ഒരു മനുഷ്യൻ പാപകർമ്മങ്ങളിൽ മുഴുകിക്കഴിയുന്നു. സമൂഹത്തിന് അവനെ നിരുത്സാഹപ്പെടുത്തുന്നതിന് കഴിവുള്ളതിനോടൊപ്പം അവർ നിരുത്സാഹപ്പെടത്തുന്നില്ലെങ്കിൽ അവരുടെ മരണത്തിന് മുമ്പ് അല്ലാഹുവിന്റെ ശിക്ഷ അവരെ ബാധിക്കാതിരിക്കുകയില്ല. (അബൂദാവൂദ്, ഇബ്നു മാജ)

ഹസ്രത്ത് ജാബിർ (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി ﷺ അരുളി: അല്ലാഹു ഒരു നാടിനെ എടുത്ത് മറിച്ച് നശിപ്പിക്കുന്നതിന് ജിബ്രീൽ (അ)ന് കൽപ്പന നൽകി. ജിബ്രീൽ (അ) ചോദിച്ചു: രക്ഷിതാവേ, അൽപ്പ സമയം പോലും നിന്റെ കൽപ്പനകൾക്ക് വിരുദ്ധമായി ഒന്നും പ്രവർത്തിച്ചിട്ടില്ലാത്ത ഇന്ന ദാസനും അവരിൽ ഉൾപ്പെടുമല്ലോ? അല്ലാഹു പറഞ്ഞു: ശരിയാണ്. അവരെ ഒന്നടങ്കം നശിപ്പിക്കുക. കാരണം അൽപ്പ സമയം പോലും എന്റെ ദീനിന്റെ പേരിൽ ആ മനുഷ്യന്റെ മുഖം വാടുക പോലും ചെയ്തിട്ടില്ല. അഥവാ ദീനിന് കടക വിരുദ്ധമായ കാര്യങ്ങൾ നടക്കുന്നത് കണ്ടിട്ടും ആ മനുഷ്യന്റെ മുഖത്ത് അതിനോടുള്ള വെറുപ്പിന്റെയോ അതിനാലുള്ള ദു:ഖത്തിന്റെയോ അടയാളം പോലും കാണപ്പെട്ടിട്ടില്ല. ദീനിന് എതിരായ കാര്യങ്ങൾ കൺമുമ്പിൽ നടന്ന് കൊണ്ടിരിക്കുമ്പോൾ അതിനെ എതിർക്കുവാൻ കഴിയുന്നില്ലെങ്കിൽ ചുരുങ്ങിയ പക്ഷം അതിനോട് വെറുപ്പും വ്യസനവുമെങ്കിലും ഉണ്ടാകാത്തതിൽ നമുക്ക് മുന്നറിയിപ്പ് നൽകുന്ന വളരെയധികം ഹദീസുകൾ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. അഥവാ എതിർക്കുന്നതന് കഴിവില്ലാതെ വരുമ്പോൾ വെറുപ്പും വ്യസനവുമെങ്കിലും ഉണ്ടാകുക എന്നത് ഇമാനിന്റെ ലക്ഷണമാണ്.

നാം ജീവിക്കുന്ന ചുറ്റുപാടിലേക്ക് നമുക്ക് കണ്ണോടിക്കാം. നമ്മിൽ നിന്നും വെളിപ്പെട്ടുകൊണ്ടിരിക്കുന്ന തെറ്റുകളുടെയും കുറ്റങ്ങളുടെയും ദോഷങ്ങളുടെയും നിലയനുസരിച്ച് എത്രത്തോളം നാം ശിക്ഷയ്ക്ക് അർഹരാണെന്ന് ചിന്തിക്കാം. നമ്മുടെ കൺമുമ്പിൽ ദീനിന് എതിരായ നടപടികൾ ദിനംപ്രതി കണ്ടുകൊണ്ടിരുന്നിട്ടും നമുക്കതിൽ എത്രത്തോളം വേദന അനുഭവപ്പെടുന്നുണ്ടെന്നും ചിന്തിക്കാം. നമ്മുടെ മോശമായ ഈ അവസ്ഥയിൽ നമ്മുടെ ദുആ എങ്ങനെ സ്വീകരിക്കപ്പെടും? നമ്മുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കപ്പെടും? നമ്മുടെ പരീക്ഷണങ്ങൾ എങ്ങനെ അവസാനിക്കും? അല്ലാഹു നമ്മെ ഉടനെ ശിക്ഷിയ്ക്കുന്നില്ല എന്നുള്ളതും നമ്മെ ഒന്നടങ്കം ആപത്തിൽ ഉൾപ്പെടുത്തുന്നില്ലാ എന്നുള്ളതും നമ്മുടെ മേലുള്ള അല്ലാഹുവിന്റെ ഔദാര്യവും റസൂലുല്ലാഹി ﷺ യുടെ ദുആയുടെ അനന്തരഫലവും മാത്രമാണ്.

എന്താണ് മുസ്‌ലിംകളായ നമ്മുടെ അവസ്ഥ? പാപകർമ്മങ്ങൾ ഓരോന്നും നമ്മുടെ അഭിമാനത്തിന്റെ അടയാളമായി മാറിയിരിക്കുന്നു. ദീനിന് വിരുദ്ധമായ ജീവിതം നമ്മുടെ പുരോഗതിയ്ക്ക് അത്യന്താപേക്ഷിതമായി നാം കരുതുന്നു. ദീനിന് എതിരായ ജീവിതത്തിലേക്ക് നമ്മെ ക്ഷണിക്കുന്ന ഓരോരുത്തരം നമ്മുടെ മുമ്പിൽ ബുദ്ധിമാന്മാരാണ്. അവരെ എതിർക്കുന്നവരെയും ദീനിയായ ജീവിതത്തിലേക്ക് നമ്മെ പ്രേരിപ്പിക്കുന്നവരെയും പഴഞ്ചന്മാരായും വിവരദോഷികളായും പുരോഗതിയുടെ ശത്രുക്കളായും നാം മുദ്രയടിക്കുന്നു. സംസ്കാരത്തിന്റെയും പരിഷ്കാരത്തിന്റെയും വഴിയിലെ വിലങ്ങ് തടികളായും നാം അവരെ കാണുന്നു. സുബ്ഹാനല്ലാഹ്... നമ്മുടെ മുൻഗാമികളായ മഹാന്മാരുടെ ഉന്നതമായ വഴിയും നാം തെരഞ്ഞെടുത്ത പാതയും തമ്മിൽ എത്ര വിദൂരം...

ഉപരിസൂചിത യാഥാർത്ഥ്യങ്ങൾ ചില ഉദാഹരണങ്ങളിലൂടെ വിശകലനം ചെയ്ത് മനസ്സിലാക്കാം. ഇസ്‌ലാമിൽ ഈമാനിന് ശേഷം ഏറ്റവും ഉയർന്ന സ്ഥാനം അലങ്കരിക്കുന്ന അമൽ നമസ്കാരമാണ്. നമസ്കാരത്തെ ഉപേക്ഷിക്കൽ മനുഷ്യനെ കുഫ്റ് വരെ കൊണ്ടെത്തിയ്ക്കുമെന്ന് വളരെയധികം ഹദീസുകൾ വിളിച്ചറിയിക്കുന്നു. ഈമാനിന്റെയും കുഫ്റിന്റെയു ഇടയിൽ വേർതിരിക്കുന്ന വസ്തുവാണ് നമസ്കാരം എന്ന് പറയപ്പെട്ടിരിക്കുന്നു. ഇത്രയധികം പ്രാധാന്യം അർഹിക്കുന്ന നമസ്കാരം നിർവ്വഹിക്കുന്നവർ മുസ്‌ലിംകളിൽ എത്ര ശതമാനമുണ്ട്? നമസ്കാരം ഉപേക്ഷിക്കുന്നവരെ ഉണർത്തുന്നതിലോ നമസ്കാരത്തിലേക്ക് പ്രേരിപ്പിക്കുന്നതിലോ നാം ബദ്ധ ശ്രദ്ധരാണോ? നമ്മുടെ ദൗർഭാഗ്യം

നമസ്കാരത്തെ പോലും തള്ളിപ്പറയുന്നവർ നമ്മുടെ നേതാക്കളും പുരോഗതിയുടെ വഴികാട്ടികളുമായി മാറിയിരിക്കുന്നു. റസൂലുല്ലാഹി ﷺയുടെ കണ്ണുകളുടെ കുളിർമ നമസ്കാരത്തിലായിരുന്നു എന്ന് ഹദീസുകൾ രേഖപ്പെടുത്തിയിരിക്കുന്നു. റസൂലുല്ലാഹി ﷺയുടെ അനുയായികളെന്ന് അഭിമാനം കൊള്ളുന്നവർ നമസ്കാരത്തെ വിലകുറഞ്ഞ വസ്തുവായി തരം താഴ്ത്തുന്നു. മൊത്തത്തിൽ സമുദായത്തിന്റെ സ്ഥിതി ഇതാണെങ്കിൽ മുസ്ലിംകളായ നാം നമ്മുടെ മേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആപത്തുകളെ സംബന്ധിച്ച് പരാതിപ്പെടാൻ അർഹരാണോ? നമ്മുടെ അവസ്ഥകൾ ഇത്രത്തോളം മോശമായിരിക്കുന്ന ഈ സാഹചര്യത്തിൽ ഭൂമുഖത്ത് നാം അവശേഷിക്കുന്നു എന്നത് തന്നെ അല്ലാഹുവിന്റെ കരുണയും അവന്റെ വിശാലമായ ഔദാര്യവും ഒന്ന് മാത്രമാണല്ലോ?

നമസ്കാരത്തിന്റെ സ്ഥിതി ഇതാണെങ്കിൽ നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ അമലുകളുടെ സ്ഥിതിയും വിഭിന്നമല്ല. അവയും ബലഹീനമായി വരുന്നു. അല്ലാഹുവിന്റെ കൽപ്പനകൾ ബലഹീനമായി വരുന്നതിനോടൊപ്പം അല്ലാഹു നിരോധിച്ച ഹറാമായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുന്നു. ഉദാഹരണമായി മദ്യപാനം എടുക്കാം. മദ്യപാനം നമ്മുടെ ഇടയിൽ അഭിമാനത്തിന്റെ അടയാളമായി മാറിയിരിക്കുന്നു. പരിശുദ്ധ ഖുർആൻ വിവിധ സ്ഥലങ്ങളിൽ മദ്യം നിഷിദ്ധമാണെന്ന് നമ്മെ ഉണർത്തിയിരിക്കുന്നു. റസൂലുല്ലാഹി ﷺയുടെ ഹദീസ് ഇപ്രകാരം നമ്മെ ഉണർത്തുന്നു: ഹസ്രത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി ﷺ അരുളി: റസൂലുല്ലാഹി ﷺയുടെ തിരുസന്നിധിയിൽ ജിബ്‌രീൽ (അ) ആഗതനായി ഇപ്രകാരം പറഞ്ഞു: മുഹമ്മദേ, നിശ്ചയം അല്ലാഹു മദ്യത്തെ ശപിച്ചിരിക്കുന്നു. മദ്യം എടുക്കുന്നവരെയും എടുക്കുന്നതിന് അനുവദിക്കുന്നവരെയും അത് ചുമക്കുന്നവരെയും വിൽക്കുന്നവരെയും അതിന്റെ വിൽപ്പനയിലൂടെ ധനം സമ്പാദിക്കുന്നവരെയും ശപിച്ചിരിക്കുന്നു. (ഹദീസ്).

ഹദീസിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ മദ്യപാനം വഴിയായി നമ്മുടെ സമുദായത്തിലെ എത്രയോ സഹോദരന്മാർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ശാപകോപങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്നു എന്ന് നമുക്ക് ഗ്രഹിക്കാം. സ്രഷ്ടാവായ അല്ലാഹുവിന്റെയും കാരുണ്യത്തിന്റെ പ്രവാചകനായ റസൂലുല്ലാഹി ﷺയുടെയും ശാപം ഇറങ്ങിക്കൊണ്ടിരിക്കുന്ന ജനത, അവരുടെ അന്ത്യം എത്ര ഭയാനകം? അവരെ അതിൽ നിന്നും നിരുത്സാഹപ്പെടുത്തുന്നതിനുള്ള ചെറിയ പരി

ശ്രമം പോലും നടത്താതെ സമാധാനിച്ച് കഴിയുന്നവരുടെ സ്ഥിതിയും അതിൽ നിന്നും വിഭിന്നമല്ല. കാരണം റസൂലുല്ലാഹി ﷺ അരുളിയിരിക്കുന്നു: നിങ്ങൾ മദ്യത്തെ വർജ്ജിക്കുവിൻ. എത് എല്ലാ തിന്മയുടെയും താക്കോലാകുന്നു. (ഹദീസ്) തിന്മയുടെ അടക്കപ്പെട്ട വാതിൽ നാം തന്നെ തുറക്കുകയും അതിന്റെ അനന്തരഫലമായി ഉണ്ടായിത്തീരുന്ന നാശനഷ്ടങ്ങളിൽ നാം വിലപിക്കുകയും ചെയ്യുന്നു. സത്യസന്ധരായ റസൂലുല്ലാഹി ﷺ ആണല്ലോ നമുക്ക് മുന്നറിയിപ്പ് നൽകിയത്. വീണ്ടും നാം നാശത്തിന്റെ വാതിൽ തുറന്ന് വിലപിക്കുന്നു എങ്കിൽ അത് നമ്മുടെ തന്നെ മൗഢ്യതയും അജ്ഞതയും മാത്രമാണ്.

പലിശയെ സംബന്ധിച്ചും വിശകലനം ചെയ്യാം. ഖുർആൻ ശരീഫിലും ഹദീസുകളിലും വിവരിക്കപ്പെട്ട മുന്നറിയിപ്പുകൾ സ്മരിക്കാം. സ്രഷ്ടാവായ അല്ലാഹു പലിശ ഇടപാടുകളിൽ ബന്ധപ്പെടുന്നവരുമായി യുദ്ധ പ്രഖ്യാപനം നടത്തിയിരിക്കുന്നു. പരിശുദ്ധ ഖുർആൻ വിവരിക്കുന്നു: അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ ഭയപ്പെടുവിൻ. പലിശ ഇനത്തിൽ ബാക്കിയുള്ളത് വിട്ടുകളയുവിൻ. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ ഇപ്രകാരം ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിലും അവന്റെ റസൂലിലും നിന്നുള്ള യുദ്ധ പ്രഖ്യാപനം കേട്ടുകൊള്ളുവിൻ. (ബഖറ 278-279)

ആയത്തിന്റെ താൽപ്പര്യം ഇതാണ്: ജാഹിലിയ്യാ യുഗത്തിൽ പലിശ വളരെ വ്യാപിച്ചിരുന്നു. ഈ ആയത്തിന്റെ അവതരണത്തിന് ശേഷം ജനങ്ങളിൽ നിന്നും മുമ്പ് ലഭിക്കേണ്ടിയിരുന്ന പലിശ പോലും നിഷിദ്ധമാക്കപ്പെട്ടു. പുതുതായി പലിശ ഇടപാടുകൾ അനുവദനീയമല്ലെന്നുള്ളത് സംശയാതീതമായ കാര്യവുമാണ്.

പലിശയെ നിരോധിച്ചുകൊണ്ടും പലിശയുടെ ശിക്ഷകൾ വിവരിച്ചുകൊണ്ടും വളരെയധികം ഹദീസുകൾ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഒരു ഹദീസിൽ ഇപ്രകാരം വരുന്നു: റസൂലുല്ലാഹി ﷺ അരുളി: പലിശ എഴുപത് വിഭാഗമുണ്ട്. അതിൽ ഏറ്റവും ചെറിയ വിഭാഗം മനുഷ്യൻ തന്റെ മാതാവുമായി വ്യഭിചരിക്കുന്നതിന് തുല്യമാകുന്നു. മുസ്‌ലിമിനെ അവഹേളിക്കൽ പലിശയുടെ ശിക്ഷയേക്കാളും കടുപ്പമായതാകുന്നു. മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം. പൊറുക്കപ്പെടാത്ത വൻപാപങ്ങളിൽ നിന്നും നിങ്ങളെ നിങ്ങൾ സൂക്ഷിക്കുവിൻ. പലിശയെയും ആ പാപങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പലിശ തിന്നുന്നവൻ ഖിയാമത്ത് നാളിൽ മഹ്ശറയിൽ ഭ്രാന്തന്മാരെപ്പോലെ ഹാജരാക്കപ്പെടുന്നതാണ്. മറ്റൊരു ഹദീസ് ഇപ്രകാരം നിവേദനം ചെയ്യപ്പെടുന്നു.

പലിശ വാങ്ങുന്നവനെയും പലിശ കൊടുക്കുന്നവനെയും പലിശ ഇടപാടുകൾ എഴുതുന്നവനെയും അത് സാക്ഷി നിൽക്കുന്നവനെയും റസൂലുല്ലാഹി ﷺ ശപിച്ചിരിക്കുന്നു. റസൂലുല്ലാഹി ﷺ അരുളി: അവർ എല്ലാവരും തുല്യരാണ്. ഒരു ഹദീസിൽ വരുന്നു: വ്യഭിചാരവും പലിശ ഇടപാടുകളും അധികരിച്ച സമൂഹം അല്ലാഹുവിന്റെ ശിക്ഷയ്ക്ക് വേണ്ടി അവരെ സന്നദ്ധരാക്കുന്നവരാണ്. (ഹദീസ്)

സമുദായത്തിന്റെ അവസ്ഥ മൊത്തത്തിൽ പരിശോധിക്കുമ്പോൾ പലിശ സാവത്രികമായി സമുദായ ശരീരത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ ഒരു ഭാഗത്തും പലിശ അനുവദനീയമാണെന്നുവരെ വരുത്തിത്തീർക്കുവാനുള്ള ശ്രമങ്ങള് മറ്റ് ഭാഗത്തും കാണപ്പെടുന്നു. റസൂലുല്ലാഹി ﷺ തങ്ങളുടെ തിരുമൊഴികളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ സമുദായം ഭയാനകമായ വിപത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന വസ്തുത നമുക്ക് ബോധ്യപ്പെടും.

മദ്യപാനവും പലിശയും കേവലം രണ്ട് ഉദാഹരണങ്ങൾ മാത്രം. കൽപ്പനകളും നിരോധനങ്ങളും ഓരോന്നായി എടുത്ത് ശരീഅത്തിന്റെ കണ്ണാടിയിലൂടെ പരിശോധിച്ചാൽ കൽപ്പനകൾ അശ്രദ്ധയിലും അലസതയിലും അകപ്പെട്ട് പോകുന്നതായും നിരോധനങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും വർദ്ധിച്ച് വരുന്നതായും കാണപ്പെടുന്നു.

മേൽ വിവരിക്കപ്പെട്ട ഉദാഹരണങ്ങൾക്ക് ശേഷം നമ്മുടെ പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും അടിസ്ഥാന കാരണങ്ങൾ വരച്ചുകാട്ടുന്ന ചില ഹദീസുകൾ വിവരിക്കാം. റസൂലുല്ലാഹി ﷺയിൽ നാം യഥാർത്ഥമായി വിശ്വാസം ഉറപ്പിച്ചവരാണെങ്കിൽ തിന്മയുടെ പേരിൽ അല്ലാഹുവിന്റെ ഭാഗത്ത് നിന്നുണ്ടായത്തീരുമെന്ന് റസൂലുല്ലാഹി ﷺ മുന്നറിയിപ്പ് നൽകിയ ശിക്ഷകൾ ഓരോന്നും സംഭവിക്കുക തന്നെ ചെയ്യുമെന്നുള്ള കാര്യത്തിൽ നാമാരും സംശയാലുക്കളാകരുത്. ശിക്ഷയിൽ നിന്നും രക്ഷപ്പെടണമെന്ന് നാം ആഗ്രഹിക്കുന്നുവെങ്കിൽ തിന്മയെ കൈവെടിഞ്ഞ് ജീവിത വിശുദ്ധി കൈവരിക്കുക എന്നത് മാത്രമാണ് പ്രശ്നത്തിന്റെ ഏക പ്രതിവിധി. റസൂലുല്ലാഹി ﷺയുടെ വിശുദ്ധ വചനങ്ങളിലേക്ക് നമുക്ക് ശ്രദ്ധ തിരിയ്ക്കാം.

ഹസ്രത്ത് അലി (റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി ﷺ അരുളി: എന്റെ ഉമ്മത്ത് പതിനഞ്ച് കാര്യങ്ങൾ പ്രവർത്തിച്ച് തുടങ്ങിയാൽ അവരിൽ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുന്നതാണ്. റസൂലുല്ലാഹി ﷺയോട് ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ റസൂലേ, പതിനഞ്ച് കാര്യങ്ങൾ എന്തെല്ലാമാണ്? റസൂലുല്ലാഹി ﷺ അരുളി: 1. പൊതുമുതൽ

പൊതുമുതൽ സ്വന്തം സ്വത്ത് പോലെ പെരുമാറുക. 2. അമാനത്ത് (സൂക്ഷിപ്പ് സ്വത്ത്) പൊതുമുതൽ പോലെ കൈകാര്യം ചെയ്യപ്പെടുക. 3. സകാത്ത് കൊടുക്കൽ നഷ്ടമായി കണക്കാക്കുക. 4-5. ഭാര്യയെ അനുസരിക്കുകയും മാതാവിനെ ഉപദ്രവിക്കുകയും ചെയ്യുക. 6-7. സുഹൃത്തുക്കളുമായി നല്ലനിലയിൽ പെരുമാറുകയും പിതാവിനെ ഉപദ്രവിയ്ക്കുകയും ചെയ്യുക. 8. പള്ളികളിൽ ശബ്ദകോലാഹലങ്ങൾ വർദ്ധിക്കുക. 9. സമൂഹത്തിലെ താഴ്ന്ന വിഭാഗം നേതാക്കളായിത്തീരുക. 10. ഒരു മനുഷ്യന്റെ ഉപദ്രവത്തെ ഭയന്നുകൊണ്ട് അവനെ ആദരിക്കപ്പെടുക. 11. മദ്യപാനം വ്യാപിക്കുക. 12. പുരുഷന്മാർ പട്ട് വസ്ത്രം ധരിക്കുക. 13. ഗായികമാരും നർത്തികളും വർദ്ധിക്കുക. 14. സംഗീതോപകരണങ്ങൾ ഉപയോഗിക്കപ്പെടുക. 15. സമുദായത്തിലെ പ്രഥമ വിഭാഗം അഥവാ സഹാബികൾ, താബിഉകൾ, മുജ്തഹിദുകളായ ഇമാമുകൾ എന്നിവരെ സമുദായത്തിലെ അവസാന വിഭാഗം ശപിയ്ക്കുക. സമുദായത്തിൽ ഈ സാഹചര്യം സംജാതമായാൽ അവർ ആ സന്ദർഭത്തിൽ ശക്തമായ കൊടുങ്കാറ്റിനെയും ഭൂമി കുലുക്കത്തെയും കോലം മറിയ്ക്കലിനെയും പ്രതീക്ഷിച്ചുകൊള്ളട്ടെ. (തിർമിദി)

ഹസ്രത്ത് അബൂഹുറയ്റ (റ) നിവേദനം. റസൂലുല്ലാഹി ﷺ അരുളി: പൊതുമുതൽ സ്വന്തം ധനമായി പെരുമാറപ്പെടുക, അമാനത്ത് പൊതുമുതലായി പരിഗണിക്കപ്പെടുക, സകാത്ത് നഷ്ടമായി കണക്കാക്കപ്പെടുക, ദീനീ വിജ്ഞാനം ദുൻയവിയായ ലക്ഷ്യത്തിൽ അഭ്യസിക്കപ്പെടുക, ഭാര്യയെ അനുസരിക്കുകയും മാതാവിനെ ഉപദ്രവിക്കുകയും ചെയ്യുക, സുഹൃത്തുക്കളെ അടുപ്പിക്കുകയും പിതാവിനെ അകറ്റുകയും ചെയ്യുക, പള്ളികളിൽ ബഹളം വർദ്ധിക്കുക, ഫാസിഖുകൾ നേതാക്കളായിത്തീരുക, താഴ്ന്ന വിഭാഗം ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുക, ഉപദ്രവത്തെ ഭയന്ന് മനുഷ്യൻ ആദരിക്കപ്പെടുക, ഗായികമാർ വാദ്യമേളങ്ങളുമായി രംഗപ്രവേശനം ചെയ്യുക, മദ്യപാനം വ്യാപിക്കുക, സമുദായത്തിലെ മുൻഗാമികളെ പിൻഗാമികൾ അക്ഷേപിക്കുക തുടങ്ങിയ ഗുണങ്ങൾ സമുദായത്തിൽ സംജാതമായാൽ കൊടുങ്കാറ്റ്, ഭൂകമ്പം, കോലംമറിയ്ക്കൽ, ആകാശത്ത് നിന്നും കല്ല് വർഷിക്കൽ തുടങ്ങിയ ശിക്ഷകൾ ആ സന്ദർഭത്തിൽ അവർ പ്രതീക്ഷിച്ച് കൊള്ളട്ടെ. (തിർമിദി)

ഹസ്രത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) നിവേദനം. വഞ്ചന പ്രത്യക്ഷമായി നടമാടുന്ന സമൂഹം, അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ശത്രുക്കളെ സംബന്ധിച്ചുള്ള ഭയം ഉണ്ടാക്കിത്തീർക്കുന്നതാണ്. വ്യഭിചാരം വ്യാപകമായിത്തീരുന്ന സമൂഹത്തിൽ മരണം വർദ്ധിച്ച് വരുന്ന

താണ്. അളവ് തൂക്കത്തിൽ കുറവ് വരുത്തുന്ന സമൂഹം അവരുടെ ആഹാരത്തിൽ ബർക്കത്ത് ഇല്ലാതായിത്തീരുന്നതാണ്. സത്യമല്ലാത്ത വിധി പ്രസ്താവിക്കപ്പെടുന്ന സമൂഹത്തിൽ രക്തച്ചൊരിച്ചിൽ വ്യാപകമാ യിത്തീരുന്നതാണ്. കരാർ ലംഘനം നടത്തുന്ന സമൂഹത്തിൽ അല്ലാഹു ശത്രുവിനെ അടിച്ചേൽപ്പിക്കുന്നതാണ്. (മുവത്വമാലിക്)

ഹസ്രത്ത് അബ്ദുല്ലാഹിബ്നു ഉമർ (റ) നിവേദനം. റസൂലുല്ലാഹി ﷺ ഞങ്ങളിൽ ആഗതരായി ഇപ്രകാരം അരുളി: മുഹാജിറുകളുടെ സമൂഹമേ, അഞ്ചു കാര്യങ്ങളിൽ നിങ്ങൾ അകപ്പെട്ട് പോയാൽ അവയുടെ ശിക്ഷ നിങ്ങളിൽ ഇറങ്ങുന്നതാണ്. നിങ്ങൾ അവയിൽ അകപ്പെടുന്നതിൽ നിന്നും ഞാൻ അല്ലാഹുവിനോട് കാവൽ തേടുന്നു. ഒരു സമൂഹത്തിൽ വ്യഭിചാരം വർദ്ധിക്കുകയും അത് പരസ്യമായി പ്ര വർത്തിക്കപ്പെടുന്ന സ്ഥിതി വിശേഷം സംജാതമാവുകയും ചെയ്താൽ അവരുടെ മുൻഗാമികൾക്ക് ബാധിച്ചിട്ടില്ലാത്ത മഹാമാരികൾ അവരെ ബാധിക്കുന്നതാണ്. അളവ് തൂക്കത്തിൽ കുറവ് വരുത്തിയാൽ ദാ രിദ്ര്യം, കഷ്ടപ്പാട്, ഭരണകർത്താക്കളുടെ അക്രമം എന്നിവ കൊണ്ട് അവർ പരീക്ഷിക്കപ്പെടുന്നതാണ്. ധനത്തിൽ നിർബന്ധമായ സകാ ത്തിനെ നിഷേധിച്ചാൽ ആകാശ ഭാഗത്ത് നിന്നും അവർക്ക് മഴയെ തടയപ്പെടുന്നതാണ്. മൃഗങ്ങൾ ഇല്ലായിരുന്നുവെങ്കിൽ അവർക്ക് മഴ തീരത്തന്നെ ലഭിക്കുമായിരുന്നില്ല. അല്ലാഹുവിനോടും അവന്റെ റസൂ ലിനോടും കരാർ അവർ ലംഘിച്ചാൽ അല്ലാഹു ഇതര സമൂഹങ്ങളിൽ നിന്നും ശത്രുക്കളെ അവരുടെമേൽ അടിച്ചേൽപ്പിക്കുന്നതും ശത്രുക്കൾ അവരുടെ കൈവശമുള്ള പലതും പിടിച്ചെടുക്കുന്നതുമാണ്. അവരിലെ നേതാക്കൾ അല്ലാഹുവിന്റെ കിതാബ് അഥവാ പരിശുദ്ധ ഖുർആൻ അനുസരിച്ച് വിധി പ്രസ്താവിക്കാതിരിക്കുകയും പരിശുദ്ധ ഖുർആനിൽ അല്ലാഹു അവതരിപ്പിച്ച കാര്യങ്ങൾക്ക് മുൻഗണന നൽകാതിരിക്കു കയും ചെയ്താൽ അവരുടെ ഇടയിൽ അന്തഛിദ്രത അല്ലാഹു ഉണ്ടാ ക്കിത്തീർക്കുന്നതാണ്.

ഹസ്രത്ത് ഇബ്നു അബ്ബാസ് (റ) വിവരിക്കുന്നു: വഞ്ചന പരസ്യ മായിത്തീരുന്ന സമൂഹം അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഭയത്തെ ഇട്ടുകൊടുക്കുന്നതാണ്. പരസ്യമായ വ്യഭിചാരം നടമാടുന്ന സമൂഹ ത്തിൽ മരണം വർദ്ധിക്കുന്നതാണ്. അളവ് തൂക്കത്തിൽ കുറവ് വരു ത്തുന്ന സമൂഹത്തിൽ രിസ്ഖിന്റെ ബർക്കത്ത് ഇല്ലാതായിത്തീരുന്നതാണ്. അസത്യവിധികൾ നടപ്പിലാക്കപ്പെടുന്ന സമൂഹത്തിൽ രക്തച്ചൊരിച്ചിൽ വ്യാപകമായിത്തീരുന്നതാണ്. കരാർ ലംഘനം നടത്തുന്ന സമൂഹത്തിൽ

ശത്രുവിനെ അല്ലാഹു അടിച്ചേൽപ്പിക്കുന്നതുമാണ്. (ത്വബ്റാനി)

മറ്റൊരു ഹദീസിൽ ഇപ്രകാരം വരുന്നു: റസൂലുല്ലാഹി ﷺ അരുളിയിരിക്കുന്നു: ഈ ഉമ്മത്തിൽ ഒരു സമൂഹം രാത്രി സമയം ആഹാര പാനിയങ്ങളിലും കളി തമാശയിലും ലയിച്ച് കഴിയും. പക്ഷേ, പ്രഭാത സമയത്ത് കുരങ്ങുകളായും പന്നികളായും അവരെ കോലം മറിയ്ക്കപ്പെടുന്നതാണ്. അവരിൽ ചിലരെ ഭൂമി പിടിയ്ക്കും. പ്രഭാത സമയം ജനങ്ങൾ പറയും: ഈ മനുഷ്യന്റെ മക്കൾ രാത്രി സമയം ഭൂമിയിൽ ആഴ്ന്നുപോയിരിക്കുന്നു. ഇന്ന വീട്ടിലെ ഇന്നവരെല്ലാം ഭൂമിയിൽ ആഴ്ന്നുപോയിരിക്കുന്നു. ലൂത്ത് നബി (അ)#ുടെ ജനതയില് കൽമഴ വർഷിപ്പിക്കപ്പെട്ടതുപോലെ ഈ സമുദായത്തിലും ആകാശഭാഗത്ത് നിന്നും കൽമഴ വർഷിപ്പിക്കപ്പെടുന്നതാണ്. ആദ് സമൂഹത്തിലെ ഗോത്രങ്ങളെയും വീടുകളെയും കൊടുങ്കാറ്റ് നശിപ്പിച്ചതുപോലെ ഈ സമുദായത്തിലും കൊടുങ്കാറ്റിന്റെ ശിക്ഷ ഇറക്കപ്പെടുന്നതാണ്. എന്റെ സമുദായത്തിൽ ഈ ശിക്ഷകൾ ഇറക്കപ്പെടുന്നതിന്റെ കാരണം അവരുടെ മദ്യപാനവും പട്ടുവസ്ത്രധാരാണവും ഗായികമാരോടുള്ള അനുകരണവും പലിശ തീറ്റയും കുടുംബ വിച്ഛേദനവുമത്രെ. (അഹ്മദ്, ബൈഹഖി)

ഹസ്രത്ത് അബൂബക്ർ സിദ്ദീഖ് (റ) നിവേദനം. റസൂലുല്ലാഹി ﷺ അരുളി: ആഖിറത്തിൽ ശിക്ഷ സമ്പാദിക്കപ്പെടുന്നതോടൊപ്പം ദുൻയാവിൽ വെച്ച് തന്നെ കുറ്റക്കാരനെ അല്ലാഹു ശിക്ഷിക്കുന്നതിന് ഏറ്റവും ബന്ധപ്പെട്ട കുറ്റം അക്രമവും കുടുംബ ബന്ധ വിച്ഛേദനവുമത്രെ. (ഇബ്നുമാജ, തിർമിദി)

ത്വബ്റാനിയുടെ നിവേദനത്തിൽ ഇപ്രകാരവും വരുന്നു: കുടുംബ ബന്ധം വിച്ഛേദനവും വഞ്ചനയും കളവും മേൽ പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെട്ടതാകുന്നു. വളരെ വേഗതയിൽ പ്രതിഫലം ലഭിക്കുന്ന നന്മ കുടുംബ ബന്ധത്തെ ചേർക്കലാകുന്നു. ചില കുടുംബക്കാർ പാപികളായിരുന്നാൽ പോലും കുടുംബ ബന്ധത്തെ ചേർക്കുന്നതിന്റെ പേരിൽ അവരുടെ ധനത്തിൽ വളർച്ചയുണ്ടാവുകയും അവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു.

ഹസ്രത്ത് അബൂബക്ർ (റ) നിവേദനം. റസൂലുല്ലാഹി ﷺ അരുളി: നിങ്ങൾ പാതിവൃത്യമുള്ളവരായിത്തീരുക. എങ്കിൽ നിങ്ങളുടെ ഭാര്യമാരും പാതിവ്രതകളായി കഴിയുന്നതാണ്. നിങ്ങളുടെ മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. എങ്കിൽ നിങ്ങളുടെ മക്കൾ നിങ്ങളോട് നന്മ പ്രവർത്തിക്കുന്നതാണ്. തുടർന്ന് വളരെ പ്രാധാന്യം നൽകിക്കൊണ്ട് റസൂലുല്ലാഹി ﷺ അരുളി: എന്റെ ആത്മാവ് നിലകൊള്ളുന്ന രക്ഷി

താവിൽ സത്യം, തീർച്ചയായും നിങ്ങൾ നന്മയെ ഉപദേശിക്കുകയും തിന്മ തടയുകയും ചെയ്യുക. നിങ്ങൾ അതിന് സന്നദ്ധരല്ലാത്ത് പക്ഷം അല്ലാഹു നിങ്ങളിൽ സമീപ കാലത്ത് തന്നെ ശിക്ഷ ഇറക്കുന്നതാണ്. അപ്പോൾ നിങ്ങൾ ദുആ ചെയ്താലും നിങ്ങളുടെ ദുആ അവൻ സ്വീക രിക്കുന്നതല്ല.

മറ്റൊരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: റസൂലുല്ലാഹി ﷺ അരുളി: സമൂഹത്തിൽ ചിലരുടെ ദുഷ്പ്രവർത്തനങ്ങൾ കാരണമായി സമൂഹത്തെ ആകമാനം അല്ലാഹു ശിക്ഷിക്കുന്നതല്ല. പക്ഷേ, നിഷി ദ്ധമായ പ്രവർത്തനങ്ങൾ സമൂഹത്തിൽ പ്രത്യക്ഷമായി നടമാടുകയും അതിനെ തടയുന്നതിന് അവർക്ക് കഴിവുണ്ടായിരുന്നിട്ടും തടയാതിരി ക്കുകയും ചെയ്താൽ അല്ലാഹു നിങ്ങളിൽ ഒന്നടങ്കം അവന്റെ ശിക്ഷയെ ഇറക്കുന്നതാണ്. (ശറഹുസ്സുന്ന)

മാനവസമൂഹം നേരിട്ട് കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം ഉപരിസൂചിത ഹദീസുകളിൽ നിന്നും സംശയാതീതമായി മനസ്സിലാക്കാം. ഭൂകമ്പം, ജലപ്രളയം, വരൾച്ച, വാഹന അപകടങ്ങൾ തുടങ്ങിയ നവാനവനങ്ങളായ പ്രശ്നങ്ങൾ നാൾക്ക് നാൾ വർദ്ധിച്ചു വരുന്നു. മുൻകാലങ്ങളിൽ കേട്ട് കേൾവി പോലുമില്ലാത്ത രോഗങ്ങൾ ഓരോന്നായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. നന്മയെ ഉപദേശിക്കുക, തിന്മയെ തടയുക, എന്ന വാതിൽ നാം തന്നെ കൊട്ടിയടച്ച് കഴിഞ്ഞ പ്പോൾ ദുആ സ്വീകരിക്കപ്പെടുന്ന പ്രതീക്ഷയും അസ്ഥാനത്തായി. ദുആ സ്വീകരിക്കപ്പെടാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നാം തന്നെ സ്വീകരിച്ചുകൊണ്ട് നമസ്കാരങ്ങൾക്ക് ശേഷം നടത്തപ്പെടുന്ന ദുആ നമ്മുടെ രക്ഷയ്ക്ക് മതിയായതാകുമോ?

വളരെയധികം ഹദീസുകളിൽ റസൂലുല്ലാഹി ﷺ കൈക്കൂലി കൊ ടുക്കുന്നവനെയും കൈക്കൂലി വാങ്ങുന്നവനെയും ശപിച്ചിരിക്കുന്നു. ചില ഹദീസുകളിൽ കൈക്കൂലിയിൽ മദ്ധ്യവർത്തികളായി പ്രവർത്തി ക്കുന്നവരെയും റസൂലുല്ലാഹി ﷺ ശപിച്ചിരിക്കുന്നു. റസൂലുല്ലാഹി ﷺ അക്രമത്തെ നിരോധിച്ചിരിക്കുന്നു. കാരണം അക്രമം ദുആയുടെ സ്വീകാര്യതയ്ക്ക് മറയായിത്തീരുന്നതാണ്. തുടർന്ന് റസൂലുല്ലാഹി ﷺ അരുളി: അല്ലാഹു അക്രമിയ്ക്ക് അൽപ്പം സാവകാശം നൽകുന്നതാണ്. അങ്ങനെ ആ അക്രമി തന്റെ അക്രമത്തെ അവസാനിപ്പിക്കാം. പക്ഷേ, അവൻ അക്രമിയെ പിടിച്ച് കഴിഞ്ഞാൽ അവനെ ശിക്ഷിക്കാതെ വി ടുന്നതല്ല. പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: പട്ടണങ്ങളെ അവ അക്രമം പ്രവർത്തിക്കേ താൻ പിടികൂടുമ്പോൾ ഇപ്രകാരമാണ്

നിന്റെ നാഥന്റെ പിടുത്തം തീർച്ചയായും അവന്റെ പിടുത്തം വേദനാ ജനകവും അതികഠിനവുമത്രെ (വി: ഖു 11-102)

ആധുനിക ജനത അകപ്പെട്ടുപോയ അക്രമണ പ്രവണതകളെ സംബന്ധിച്ച് നാം ഉറക്കെ ചിന്തിക്കണം. അല്ലാഹു ഇതെല്ലാം കാണുന്നില്ലേ? അക്രമികളെ അതികഠിനമായ പരീക്ഷണങ്ങൾ കൊണ്ട് അവൻ പിടിക്കാതിരിക്കുമോ? ഹദീസിൽ വരുന്നു: ആപത്തിൽ അകപ്പെട്ടവന്റെയും അക്രമിക്കപ്പെട്ടവന്റെയും ദുആ സ്വീകരിക്കപ്പെടുന്നതാണ്. അവൻ പാപിയായിരുന്നാലും ശരി. ഒരു നിവേദനത്തിൽ പറയുന്നു: അവൻ കാഫിറായാലും ശരി. (അത്തർഗീബ്)

ഹസ്രത്ത് അലി (റ) നിവേദനം. റസൂലുല്ലാഹി ﷺ അരുളി: അല്ലാഹു പറയുന്നു: ഞാനല്ലാതെ മറ്റൊരു സഹായിയുമില്ലാത്തവരെ അക്രമിക്കുന്ന അക്രമിയുടെ മേൽ എന്റെ കോപം കഠിനമായിരിക്കുന്നതാണ്. (ത്വബ്റാനി)

വീണ്ടും റസൂലുല്ലാഹി ﷺ അരുളി: ഭൂമിയിലുള്ള മനുഷ്യരോട് കരുണ കാണിക്കാത്തവർക്ക് ആകാശത്തിലുള്ള അല്ലാഹു കരുണ ചെയ്യുന്നതല്ല. (ത്വബ്റാനി) അക്രമത്തിന് ഇരയാകുന്ന നിരാലംബരുടെ ശാപ പ്രാർത്ഥനകൾ വർദ്ധിക്കുകയും അതുകാരണമായി അല്ലാഹുവിന്റെ അനുഗ്രഹം ഭൂമുഖത്ത് തടയപ്പെട്ട് പോവുകയും ചെയ്യുമ്പോൾ പ്രകൃതിക്ഷോഭങ്ങളും നാശനഷ്ടങ്ങളും വർദ്ധിച്ച് വരുന്നതിനാൽ അതിശയോക്തിക്ക് അവകാശമില്ല. കാരണം അക്രമത്തിന് ഇരയായവരുടെ പ്രാർത്ഥന തള്ളപ്പെടുന്നതല്ല.

ഹസ്രത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം. റസൂലുല്ലാഹി ﷺ ഹസ്രത്ത് മുആദ് (റ)നെ യമനിലേക്ക് ഗവർണ്ണറായി നിയോഗിച്ചു കൊണ്ട് ഇപ്രകാരം അരുളി: അക്രമത്തിന് ഇരയാകുന്നവരുടെ ശാപ പ്രാർത്ഥനയെ സൂക്ഷിച്ച് കൊള്ളുക. കാരണം അതിനും അല്ലാഹുവിനും ഇടയിൽ മറകൾ ഉണ്ടായിരിക്കുന്നതല്ല. (ബുഖാരി, മുസ്ലിം).

റസൂലുല്ലാഹി ﷺ അരുളിയിരിക്കുന്നു: എന്റെ സമുദായം, അവരിൽ ജാര സന്തതികൾ വർദ്ധിക്കാതിരിക്കുന്ന കാലം വരെ നന്മ നിറഞ്ഞവരായി നിലകൊള്ളും. അവരിൽ ജാര സന്തതികൾ വർദ്ധിച്ച് പോയാൽ അല്ലാഹു അവരിൽ ആകമാനം തന്റെ ശിക്ഷയെ ഇറക്കുന്നതാണ്. (അഹ്മദ്) നമ്മുടെ ചുറ്റുഭാഗത്തേക്ക് നമുക്കൊന്ന് കണ്ണോടിക്കാം. വ്യഭിചാരത്തിന്റെ രഹസ്യ സങ്കേതങ്ങളുടെ സ്ഥാനത്ത് പരസ്യമായ വേശ്യാലയങ്ങൾ ആധുനിക ലേബലുകളിൽ എല്ലാ പട്ടണങ്ങളിലും ഉടലെടുത്തിരിക്കുന്നു. ജാര സന്തതികൾ എവിടെയും വർദ്ധിച്ച് വരുന്നു.

ഓരോ ഭാഗത്തും അവർക്ക് പ്രത്യേക ചേരി പ്രദേശങ്ങൾ നിർണ്ണയിച്ച് കൊടുക്കുന്നതിന് ഉത്തരവാദിത്വപ്പെട്ടവർ നിർബന്ധിതരായിക്കൊണ്ടിരിക്കുന്നു. വ്യഭിചാരവും പലിശയും പരസ്യമായിത്തീരുമ്പോൾ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുമെന്ന റസൂലുല്ലാഹി ﷺ യുടെ മുന്നറിയിപ്പ് നാം വിസ്മരിച്ച് പോയോ?

ഹസ്രത്ത് ഇബ്‌നു അബ്ബാസ് (റ) നിവേദനം. റസൂലുല്ലാഹി ﷺ അരുളി: ഒരു നാട്ടിൽ വ്യഭിചാരവും പലിശയും പരസ്യമായി നടമാടുന്നതായാൽ അവർക്ക് അല്ലാഹുവിന്റെ ശിക്ഷയെ അവർ തന്നെ സ്വയം ക്ഷണിച്ച് വരുത്തുന്നതാണ്. (അൽ ഹാകിം) അൽപ്പം ഗാഢമായി ചിന്തിക്കാം. പ്രശ്നങ്ങൾ വിലയിരുത്തി നമ്മെ ആകമാനം ഗ്രസിച്ചു പോയ മഹാമാരിയുടെ അടിസ്ഥാന വശങ്ങൾ കണ്ടെത്താം. നമ്മിൽ വലിയൊരു വിഭാഗം ഉപരിസൂചിത പാപ കർമ്മങ്ങളിൽ ലയിച്ച് അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയല്ലേ? അതാണല്ലോ റസൂലുല്ലാഹി ﷺ നൽകിയ മുന്നറിയിപ്പ്. നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അത് തന്നെയാണല്ലോ. ഹദീസുകളിൽ ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു: രൂപങ്ങളും നായയുമുള്ള ഭവനങ്ങളിൽ റഹ്മത്തിന്റെ മലക്കുകൾ പ്രവേശിക്കുന്നതല്ല.

ഹസ്രത്ത് അബൂവാഇൽ (റ) വിവരിക്കുന്നു: ഹസ്രത്ത് ഉമർ (റ) അവർകളോടൊപ്പം ശാമിൽ നടന്ന ഒരു യുദ്ധത്തിൽ ഞാനും പങ്കെടുത്തു. ഞങ്ങൾ ഒരു സ്ഥലത്ത് താവളമടിച്ചു. ആ പ്രദേശത്തെ ഒരു നേതാവ് ഹസ്രത്ത് ഉമർ (റ)നെ അന്വേഷിച്ച് ഹസ്രത്ത് ഉമർ (റ)ന്റെ തിരുസന്നിധിയിലെത്തി സാഷ്ടാംഗം ചെയ്തു. ഹസ്രത്ത് ഉമർ (റ) ചോദിച്ചു: ഈ സാഷ്ടാംഗം എന്തിനാണ്? അദ്ദേഹം പറഞ്ഞു: രാജാക്കന്മാരുടെ സന്നിധിയിൽ ഞങ്ങൾ ഇതേ പ്രകാരമാണ് സാഷ്ടാംഗം ചെയ്യാറുള്ളത്. ഹസ്രത്ത് ഉമർ (റ) പറഞ്ഞു: നിന്നെ സൃഷ്ടിച്ച രക്ഷിതാവിനാണ് നീ സാഷ്ടാഗം ചെയ്യേണ്ടത്. ശേഷം ആ നേതാവ് അഭ്യർത്ഥിച്ചു: അമീറുൽ മുഅ്മിനീൻ ഞാൻ താങ്കൾക്ക് ഭക്ഷണം ഒരുക്കിയിരിക്കുന്നു. അവിടുന്ന് എന്റെ വീട്ടിൽ വന്നാലും. ഹസ്രത്ത് ഉമർ (റ) ചോദിച്ചു: താങ്കളുടെ വീട്ടിൽ ഫോട്ടോകളുണ്ടോ? അദ്ദേഹം പറഞ്ഞു: ഉണ്ട്. ഹസ്രത്ത് ഉമർ (റ) അരുളി: എങ്കിൽ താങ്കളുടെ വീട്ടിൽ വരുക സാധ്യമല്ല. താങ്കൾ പോയി ഏതെങ്കിലും ഭക്ഷണം കൊടുത്തയക്കുക. കൂടുതൽ കൊടുത്തയക്കരുത്. ഉടനെ അദ്ദേഹം പോയി ഭക്ഷണം കൊടുത്തയച്ചു. ഹസ്രത്ത് ഉമർ (റ) അത് കഴിക്കുകയും ചെയ്തു. (അൽ ഹാകിം)

നമ്മുടെ വീടുകളിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം. ഫോട്ടോകളി

ല്ലാതെ നമ്മുടെ വീടുകളുടെ അലങ്കാരം പൂർത്തിയാകുമോ? അതിനെ നിരുത്സാഹപ്പെടുത്തുന്നതിന് ഉലമാക്കൾ പോലും ധൈര്യപ്പെടാറുണ്ടോ? നമ്മുടെ മേൽ റഹ്മത്തിന്റെ കവാടം കൊട്ടിയടയ്ക്കുന്നവർ നാം തന്നെയല്ലേ? അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുന്നതിനുള്ള കാരണങ്ങൾ നാം തന്നെ ക്ഷണിച്ചുവരുത്തുകയല്ലേ? നമ്മുടെ പ്രവർത്തനങ്ങളുടെ തിക്തഫലങ്ങൾ നാം അനുഭവിക്കുകയല്ലേ? നാം എന്തിന് വിലപിക്കണം?

നമ്മുടെ മുൻഗാമികളായ മഹാന്മാർ ഫോട്ടോകളുള്ള വീടുകളിൽ പ്രവേശിക്കുന്നത് പോലും ഇഷ്ടപ്പെട്ടിരുന്നില്ല. നാമിന്ന് ഫോട്ടോകൾ സ്വാഗതം ചെയ്യുന്നവരായി മാറുക മാത്രമല്ല, ഫോട്ടോകൾ നമ്മുടെ വീടുകൾക്ക് അലങ്കാരമായി മാറിയിരിക്കുന്നു. റസൂലുല്ലാഹി ﷺയുടെ ഹദീസുകളുടെ വെളിച്ചത്തിൽ മുസ്‌ലിംകളുടെ അവസ്ഥകൾ നാം അപഗ്രഥനം ചെയ്യണം. ദീനീ വിഷയങ്ങളോടുള്ള അവഗണന മുസ്‌ലിംകളെ എത്രത്തോളം അധ:പതിപ്പിച്ചിരിക്കുന്നു എന്ന് അപ്പോൾ ബോധ്യപ്പെടും.

റസൂലുല്ലാഹി ﷺ അരുളി: സൂര്യൻ ഉദിച്ചുയരുമ്പോൾ സൂര്യന്റെ ഇരുഭാഗത്തും നിലയുറപ്പിച്ചുകൊണ്ട് രണ്ട് മലക്കുകൾ ഇപ്രകാരം വിളിച്ചറിയിക്കുന്നു: മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിലേക്ക് നിങ്ങൾ ശ്രദ്ധ തിരിക്കുവിൻ. നിങ്ങളുടെ ആവശ്യങ്ങളെ പൂർത്തീകരിക്കുന്ന കുറഞ്ഞ സമ്പത്ത് നിങ്ങളെ അല്ലാഹുവിൽ നിന്നും ശ്രദ്ധ തിരിച്ച് കളയുന്ന വർദ്ധിച്ച സമ്പത്തിനേക്കാൾ നിങ്ങൾക്ക് ഖൈർ ആയതാകുന്നു. മനുഷ്യനും ജിന്നുമല്ലാത്ത ഭൂമുഖത്തുള്ള എല്ലാ സൃഷ്ടി ജാലങ്ങളും ആ ശബ്ദം ശ്രവിക്കുന്നു. സൂര്യൻ അസ്തമിക്കുന്ന സമയത്തും അതിന്റെ ഇരുഭാഗത്തും നിലയുറപ്പിച്ചുകൊണ്ട് രണ്ട് മലക്കുകൾ ഇപ്രകാരം ദുആ ചെയ്യുന്നു: അല്ലാഹുവേ, ദീനിന്റെ മാർഗ്ഗത്തിൽ ചെലവ് ചെയ്യുന്നവർക്ക് പകരം നൽകേണമേ. അല്ലാഹുവേ, ദീനിന്റെ മാർഗ്ഗത്തിൽ ചെലവ് ചെയ്യാത്തവർക്ക് നാശം വരുത്തേണമേ. ഈ ദുആയും മനുഷ്യനും ജിന്നുമല്ലാത്ത ഭൂമുഖത്തുള്ള എല്ലാ സൃഷ്ടി ജാലങ്ങളും കേൾക്കുന്നു. (അഹ്മദ്)

ഉപരിസൂചിത ഹദീസിന്റെ വെളിച്ചത്തിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമ്പത്ത് വിനിയോഗിക്കുന്നതിൽ ലുബ്ധ് കാണിക്കുന്ന സമ്പന്നരുടെ അവസ്ഥയിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം. അവരിൽ പലരും മാരകമായ രോഗങ്ങൾക്ക് അടിമപ്പെട്ട് സമ്പത്തിന്റെ സിംഹഭാഗം ചികിത്സാ രംഗത്ത് വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. അവരിൽ പലരുടെയും അരുമ സന്തതികൾ തങ്ങൾ കഷ്ടപ്പെട്ട സമ്പാദിച്ച സമ്പത്തിന്റെ വലിയൊരു ഭാഗം ആഭാസങ്ങളിലും ആർഭാടങ്ങളിലും ധൂർത്തടിക്കുന്നു.

ഈ യാഥാർത്ഥ്യങ്ങൾ കേവലം സാങ്കൽപ്പിക കഥകളല്ല. സമൂഹത്തിൽ അധികപേരും നിത്യജീവിതത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നക പരമാർത്ഥം മാത്രമാണ്.

ഹദീസിൽ ഇപ്രകാരം വരുന്നു: റസൂലുല്ലാഹി ﷺ അരുളി: മനുഷ്യൻ പറയുന്നു: എന്റെ ധനം, എന്റെ ധനം എന്ന്. പക്ഷേ, അവന്റെ ധനത്തിൽ അവന് പ്രയോജനം ചെയ്യുന്നത് മൂന്ന് കാര്യങ്ങൾ മാത്രം. ആഹാരമായി കഴിച്ച് തീർത്തതും വസ്ത്രമായി ഉടുത്ത് പഴകിയതും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവ് ചെയ്തതും ആഖിറത്തിന് വേണ്ടി സൂക്ഷിച്ചതും. ഇതല്ലാത്തതെല്ലാം അവന് നഷ്ടപ്പെടുന്നതും മറ്റുള്ളവർക്ക് വേണ്ടി ഉപേക്ഷിച്ച് പോകേണ്ടതുമത്രെ (മുസ്‌ലിം)

ഹസ്രത്ത് അലി (റ) അരുളി: നിന്റെ ആവശ്യങ്ങൾ പൂർത്തിയായതിന് ശേഷം നിന്റെടുക്കൽ ബാക്കിയാവുന്ന സമ്പത്ത് മറ്റുള്ളവർക്കാണ്. നീ കേവലം അതിന്റെ സൂക്ഷിപ്പുകാരൻ മാത്രമാണ്. (അൽ മുഖല്ലാത്ത്) ഈ ആശയമുൾക്കൊള്ളുന്ന വളരെയധികം ഹദീസുകൾ ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: എന്താണ് ധർമ്മം ചെയ്യേണ്ടതെന്ന് അവർ ചോദിക്കുന്നു. താങ്കൾ പറയുക: ആവശ്യം കഴിഞ്ഞുള്ളവ ധർമ്മം ചെയ്യുക.(219)

ഹസ്രത്ത് ഇബ്നു അബ്ബാസ് (റ) ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: ഭാര്യാ സന്താനങ്ങൾക്ക് ചിലവ് ചെയ്തതിന് ശേഷം ബാക്കിയായത് എന്നതാണ് ഈ ആയത്തിലെ അഫ്‌വ് എന്ന പദത്തിന്റെ വിവക്ഷ. പരിശുദ്ധ ഖുർആൻ സൂക്തത്തിന്റെയും ഹദീസുകളുടെയും വെളിച്ചത്തിൽ ആധുനികർ വളരെ പ്രാധാന്യം കൽപ്പിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ചും നമുക്ക് ചിന്തിക്കാം.

ഒരു ഭാഗത്ത് ആവശ്യത്തിലധികം വ്യക്തികൾക്ക് സമ്പത്ത് ഉണ്ടാകരുത് എന്ന് നിർബന്ധിക്കപ്പെടുന്നു. മറുഭാഗത്ത് തന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ചതിന് ശേഷം ബാക്കിയായതെല്ലാം സന്തോഷത്തോടെ തൃപ്തിയോടെ സാധുക്കൾക്ക് ചെലവ് ചെയ്യണമെന്ന് പ്രേരിപ്പിക്കപ്പെടുന്നു. ഒന്നാമത്തെ വീക്ഷണം ഭൗതികന്റേതാണെങ്കിൽ അടുത്തത് ഇസ്‌ലാമിന്റെ വീക്ഷണമാണ്. ഭൗതികന്റെ വീക്ഷണം തനിച്ച അക്രമമാണ്. അത് മനുഷ്യനെ അലസനും നിഷ്ക്രിയനുമാക്കിത്തീർക്കുന്നു. ഇസ്‌ലാമിക വീക്ഷണം സമൂഹത്തിൽ നന്മയെ വളർത്തുന്നു. ധനസമ്പാദനത്തിന് മാനവനെ അത് പ്രേരിപ്പിക്കുകയും നന്മയുടെ വഴിയിൽ ആ ധനം ചിലവ് ചെയ്ത് സമുദായത്തിലെ അബലരെയും ദരിദ്രരെയും സഹായിക്കുന്നതിന് അതുവഴി ഒരുക്കുകയും ചെയ്യുന്നു. ഇസ്‌ലാമിക

വീക്ഷണം അതത്രെ മനോഹരം. മുസൽമാന്റെ അതിന്റെ മധുനുകരാൻ സന്നദ്ധനായിരുന്നെങ്കിൽ......

തന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ചതിന് ശേഷം മിച്ചമായത് ചിലവ് ചെയ്യുന്നതിന്റെ ശ്രേഷ്ടയിലുപരി, സ്വന്തമായ ആവശ്യങ്ങൾ മാറ്റിവെച്ച് മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകണമെന്ന് പരിശുദ്ധ ദീൻ നമ്മെ പഠിപ്പിക്കുന്നു. അൻസാറുകളായ സഹാബാക്കളെ പ്രശംസിച്ചുകൊണ്ട് പരിശുദ്ധ ഖുർആനിൽ അല്ലാഹു അരുളിയിക്കുന്നു: തങ്ങളുടെ മേൽ അവർ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു. അവർ സ്വയം ബുദ്ധി മുട്ടിലാണെങ്കിലും ശരി (അൽ ഹഷ്ർ)

കേവലം ഉപരിപ്ലവമായ പ്രഖ്യാപനം എന്നതിലുപരി റസൂലുല്ലാഹി ﷺ തങ്ങളും തങ്ങളെ പരിപൂർണ്ണമായും പിൻപറ്റിയ സഹാബാ കിറാമും ജീവിതത്തില് പ്രാവർത്തികമാക്കി മാതൃക കാണിച്ച തത്വസംഹിതയാണിത്. അവരുടെ ജീവ ചരിത്രത്തിലുടനീളം ഇതിന് വ്യക്തമായ ദൃഷ്ടാന്തങ്ങൾ നമുക്ക് കണ്ടെത്തുവാൻ കഴിയുന്നു. ചരിത്രത്തിന്റെ തങ്കത്താളുകളിൽ അവ മങ്ങാതെ മായാതെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ സമുദായത്തിന്റെ ശോചനീയാവസ്ഥയുടെ അടിസ്ഥാന കാരമം നമ്മുടെ പ്രവർത്തനങ്ങളുടെ പരിണിത ഫലം തന്നെയാണെന്ന് നമുക്ക് മനസ്സിലാക്കാം.

റസൂലുല്ലാഹി ﷺ രോഗകാരണങ്ങളും നിവാരണ മാർഗ്ഗങ്ങളും നമുക്ക് വ്യക്തമായി മനസ്സിലാക്കിത്തന്നിരിക്കുന്നു. രോഗകാരണങ്ങളെ വർജ്ജിക്കലും നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കലും രോഗിയുടെ സ്വന്തം കർത്തവ്യമാണല്ലോ? രോഗിയുടെ അശ്രദ്ധ ജീവഹാനിക്കും കാരണമാകാമല്ലോ? റസൂലുല്ലാഹി ﷺ അരുളി: ഞാൻ നിങ്ങൾക്ക് വ്യക്തവും സംശുദ്ധവുമായ ഒരു ദീൻ പ്രദാനം ചെയ്തിരിക്കുന്നു. മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വരുന്നു: റസൂലുല്ലാഹി ﷺ അരുളി: അല്ലാഹുവിൽ സത്യം, ഞാൻ നിങ്ങളെ പ്രസ്പ്ഷ്ടമായ ഒരു മാർഗ്ഗത്തിൽ ഉപേക്ഷിച്ച് പോകുന്നു. അതിലെ രാത്രിയും പകൽ പോലെ പ്രകാശ പൂരിതമത്രെ (ജംഉൽ ഫവാഇദ്)

മനുഷ്യ ജീവിതത്തിന്റെ ഒരു മേഖലയിലേക്ക് റസൂലുല്ലാഹി ﷺയുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ പ്രകാശധാര കടന്നു ചെല്ലാതിരുന്നിട്ടില്ല. റസൂലുല്ലാഹി ﷺ അരുളി: സൽപ്രവർത്തനങ്ങളിൽ നിങ്ങൾ ധൃതി കാണിക്കുവിൻ. ഇരുളടഞ്ഞ രാത്രിയിലെ ഇരുൾ പാളികൾ പോലെ ഫിത്നകൾ ഉരുണ്ട് കൂടുന്നതിന് മുമ്പ്. കാരണം ഫിത്നകൾ വർദ്ധിക്കുന്ന സന്ദർഭത്തിൽ രാവിലെ മുഅ്മിനായിരുന്ന മനുഷ്യൻ വൈകുന്നേരം

കാഫിറായിത്തീരുന്നതും വൈകുന്നേരം മുഅ്മിനായിരുന്ന മനുഷ്യൻ രാവിലെ കാഫിറായിത്തീരുന്നതുമാണ്. ഭൗതിക വസ്തുക്കൾക്ക് പകരം തന്റെ ദീനിനെ അവൻ വിറ്റ് കളയുന്നതുമാണ്. (മിഷ്കാത്ത്)

ഹസ്രത്ത് ജാബിർ (റ) നിവേദനം. റസൂലുല്ലാഹി ﷺ ഒരു സന്ദർഭത്തിൽ ഞങ്ങളെ ഉപദേശിക്കുന്നതിനിടയിൽ ഇപ്രകാരം അരുളി: ജനങ്ങളേ, മരണത്തിന് മുമ്പ് അല്ലാഹുവിലേക്ക് നിങ്ങൾ പശ്ചാത്തപിച്ച് മടങ്ങുവിൻ. നിങ്ങളുടെ ജോലികൾ വർദ്ധിക്കുന്നതിന് മുമ്പ് സൽപ്രവർത്തനങ്ങളിൽ നിങ്ങൾ ധൃതി കാണിക്കുവിൻ. നിങ്ങൾ അല്ലാഹുവിനെ ദിക്ർ ചെയ്തും രഹസ്യവും പരസ്യവുമായ ദാനധർമ്മങ്ങൾ വർദ്ധിപ്പിച്ചും നിങ്ങളുടെയും നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്റെ ഇടയിലുള്ള ബന്ധത്തെ സുദൃഢമാക്കിക്കൊള്ളുവിൻ. ഈ കാര്യങ്ങൾ കാരണമായി നിങ്ങൾക്ക് രിസ്ഖ് നൽകപ്പെടുന്നതും നിങ്ങൾ സഹായിക്കപ്പെടുന്നതും നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതുമാണ്. (ഇബ്നു മാജ)

മറ്റൊരു ഹദീസിൽ ഇപ്രകാരം വരുന്നു: റസൂലുല്ലാഹി ﷺ അരുളി: ദാനധർമ്മം ധനത്തെ കുറയ്ക്കുകയില്ല. അക്രമികൾക്ക് മാപ്പ് നൽകുന്നവർക് അല്ലാഹു പ്രതാപം വർദ്ധിപ്പിക്കാതിരിക്കുകയില്ല. ആയതിനാൽ അക്രമികൾക്ക് മാപ്പ് നൽകുവിൻ. അല്ലാഹു നിങ്ങളെ പ്രതാപശാലികളാക്കിത്തീർക്കുന്നതാണ്. ഒരുവൻ യാചനയുടെ വാതിൽ തുറന്നാൽ ദാരിദ്ര്യത്തിന്റെ വാതിൽ അല്ലാഹു അവന്റെ മുമ്പിൽ തുറക്കുന്നതാണ്. (മുഅ്ജമുസ്സഗീർ)

ഹസ്രത്ത് അലി (റ) നിവേദനം. റസൂലുല്ലാഹി ﷺ അരുളി: മുസ്ലിംകൾ തങ്ങളുടെ പണ്ഡിതന്മാരെ കോപത്തിന്റെ കണ്ണുകൊണ്ട് നോക്കുന്നവരാകുകയും കമ്പോളങ്ങളിലെ അലങ്കാരങ്ങൾ വർദ്ധിപ്പിക്കുന്നവരാകുകയും സാമ്പത്തിക രംഗത്ത് പരസ്പരം അഹങ്കരിക്കുന്നവരാകുകയും ചെയ്യുമ്പോൾ നാല് കാര്യങ്ങളിൽ അല്ലാഹു അവരെ അകപ്പെടുത്തുന്നതാണ്. 1. ദാരിദ്ര്യം. 2. ഭരണാധികാരിയുടെ അക്രമം. മൂന്ന്, ഉദ്യോഗസ്ഥ മേധാവികളുടെ വഞ്ചന. 4. ശത്രുക്കളുടെ കടന്നാക്രമണം (അൽഹാകിം). ഹസ്രത്ത് അലി (റ) അരുളി: ആരാധനയിൽ അലസതയും ജീവിതത്തിൽ പ്രയാസവും ഭക്ഷണത്തിൽ രുചിക്കുറവും പാപകർമ്മങ്ങളുടെ അനന്തര ഫലമത്രെ (താരീഖുൽ ഖുലഫാഅ്)

ഹസ്രത്ത് അനസ് (റ) വിവരിക്കുന്നു: റസൂലുല്ലാഹി ﷺ പത്ത് വർഷക്കാലം ഞാൻ സേവനം ചെയ്തു. എന്റെ നേരെ തങ്ങൾ മുഖം ചുളിക്കുക പോലും ചെയ്തിട്ടില്ല. റസൂലുല്ലാഹി ﷺ അരുളി: മകനേ, നീ നല്ലവണ്ണം വുളൂ ചെയ്യുക. അത് നിന്റെ ആയുസ്സിനെ വർദ്ധിപ്പിക്കുന്നതാ

ണ്. മാത്രവുമല്ല, നിന്റെ സുരക്ഷിതത്വത്തിന്റെ ചുമതല ഏൽപ്പിക്കപ്പെട്ട മലക്കുകൾ നിന്നെ സ്നേഹിക്കുന്നതുമാണ്. ശേഷം റസൂലുല്ലാഹി ^+ എന്നോട് ഇപ്രകാരം അരുളി: മകനേ, നിന്റെ നമസ്കാരത്തിൽ ഒരു ഭാഗം നിന്റെ വീട്ടിൽ നിർവ്വഹിക്കുന്നതിന് നിനക്ക് സാധിച്ചാൽ നീ അപ്രകാരം നമസ്കരിച്ച് കൊള്ളുക. നിന്റെ വീട്ടിൽ ഖൈറുകൾ വർദ്ധിക്കുന്നതിന് അത് കാരണമായിത്തീരും. ശേഷം റസൂലുല്ലാഹി ﷺ അരുളി: മകനേ, നീ വീട്ടിൽ പ്രവേശിക്കുമ്പോൾ സലാം പറയുക. അത് നിനക്കും നിന്റെ വീട്ടിലുള്ളവർക്കും ബർക്കത്തിന് ഹേതുവായി ത്തീരുന്നതാണ്. (ത്വബ്റാനി) ഉപരിസൂചിത ഹദീസുകൾ പാപകരമായ പ്രവർത്തനങ്ങൾ പ്രയാസങ്ങളിലും പ്രതിസന്ധികളിലും നാം അകപ്പെ ട്ട് പോകുന്നതിന് കാരണമായിത്തീരുന്നു എന്ന വിഷയത്തിലേക്ക് വെളിച്ചം വീശുന്നു. അല്ലാഹുവന് വഴിപ്പെട്ട് അവന് ഇബാദത്ത് ചെയ്തുകൊണ്ടുള്ള ജീവിതം മനുഷ്യന്റെ സൗഭാഗ്യങ്ങൾക്കും ഐഹിക പാരത്രിക വിജയങ്ങൾക്കും കാരണമായിത്തീരുന്നതാണ്. റസൂലുല്ലാഹി ﷺ അരുളി: അല്ലാഹു പറയുന്നു: ആദമിന്റെ മകനേ, എന്നെ ആരാ ധിക്കുന്നതിന് സമയത്തെ നീ ഒഴിവാക്കി എടുക്കുക. എങ്കിൽ നിന്റെ ഹൃദയത്തെ ധന്യതകൊണ്ട് ഞാൻ നിറച്ച് തരാം. നിന്റെ ദാരിദ്ര്യത്തെ ഞാൻ അകറ്റുകയും ചെയ്യാം. നീ അതിന് സന്നദ്ധനല്ലാത്ത പക്ഷം നിന്റെ ഇരു കരങ്ങളെയും ഞാൻ ജോലികൊണ്ട് നിറയ്ക്കുന്നതാണ്. നിന്റെ ദാരിദ്ര്യത്തെ ഞാൻ അകറ്റുന്നതുമല്ല. (തിർമിദി, ഇബ്നുമാജ)

ഉപരിസൂചിത ഹദീസും തത്തുല്യമായ ഹദീസുകളും നമ്മുടെ വിജയ രഹസ്യം ഇബാദത്തിൽ അന്തർലീനമായിരിക്കുന്നതായി വ്യക്തമായ സൂചന നൽകുന്നു. പക്ഷേ, ഭൗതിക വസ്തുക്കളുടെ സമ്പാദനത്തി നെന്ന പേരിൽ നാം ഇബാദത്തുകളെ ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ ദീനിന് കടകവിരുദ്ധമായ പ്രവർത്തനങ്ങൾ നമ്മിൽ നിന്നും വർദ്ധിച്ചുവരുമ്പോൾ നമ്മുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹ രിക്കപ്പെടും? നിശ്ചയം ദീൻ കൈവെടിഞ്ഞുകൊണ്ട് മുസ്ലിംകൾക്ക് ഒരു പ്രശ്നത്തിനും പരിഹാരം കണ്ടെത്തുക സാദ്ധ്യമല്ല. മേൽ വിവരി ക്കപ്പെട്ട ഹദീസുകൾ അതാണ് നമുക്ക് മനസ്സിലാക്കിത്തരുന്ന സത്യം.

പ്രബലമായ മറ്റൊരു ഹദീസിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കു ന്നു: എന്റെ ദാസന്മാർ എനിക്ക് വഴിപ്പെടുന്നവരായിത്തീർന്നാൽ രാത്രി യുടെ നിദ്രാവേളയിൽ അവർക്ക് മഴ വർഷിക്കുന്നതും പകൽ സമയം അവർക്ക് സൂര്യപ്രകാശം ലഭിക്കുന്നതുമാണ്. ഇടിമുഴക്കം പോലും അവർ കേൾക്കേണ്ടി വരുന്നതല്ല. (അൽ ജാമിഉസ്സഗീർ)

പക്ഷെ നമ്മുടെ ദുഷ്പ്രവർത്തനങ്ങളുടെ അനന്തരഫലമെന്നോണം ഈ വ്യവസ്ഥിതകളെല്ലാം താറുമാറായിരിക്കുന്നു. ഒരു ഭാഗത്ത് വരൾച്ചയും ക്ഷാമവും പട്ടിണിയും ബാധിച്ച് മനുഷ്യർ വലയുമ്പോൾ മറുഭാഗത്ത് ജലപ്രളയത്തിലും പേമാരിയിലും മനുഷ്യർ നട്ടം തിരിയുന്നു. ഈ ദു:സ്ഥിതികളെല്ലാം നമ്മുടെ ദുഷ്പ്രവർത്തനങ്ങളുടെ അനന്തരഫലം മാത്രമാണ്.

ഹസ്രത്ത് കഅ്ബുൽ അഹ്ബാർ (റ) നിവേദനം ചെയ്യുന്നു: മൂസാ നബി (അ)യുടെ കാലഘട്ടത്തിൽ ഒരു പ്രാവശ്യം കഠിനമായ വരൾച്ച ബാധിച്ചു. മൂസാ നബി (അ) ഇസ്റാഈല്യരോടൊപ്പം മഴയെത്തേടി ദുആ ചെയ്യുന്നതിന് മൈതനത്തിലേക്ക് പുറപ്പെട്ടു. മൂന്ന് പ്രാവശ്യം മഴയെ തേടി മൂസാ നബി (അ) മൈതാനത്തിലെത്തി ദുആ ചെയ്തിട്ടും മഴ വർഷിച്ചില്ല. അല്ലാഹു വഹ്യ് മുഖാന്തിരം മൂസാ നബി (അ)യെ അറിയിച്ചു: ഞാൻ താങ്കളുടെയും താങ്കളുടെ ജനതയുടെയും പ്രാർത്ഥന സ്വീകരിക്കുന്നതല്ല. കാരണം നിങ്ങൾ ഒരു ഏഷണി പറയുന്നവനുണ്ട്. മൂസാ നബി (അ) ചോദിച്ചു: രക്ഷിതാവേ, ഏഷണി പറയുന്നവൻ ആരാണെന്ന് ഞങ്ങൾക്ക് വെളിപ്പെടുത്തിത്തന്നാലും. ഞങ്ങളുടെ ഇടയിൽ നിന്നും അവനെ ഞങ്ങൾ പുറന്തള്ളാം. അല്ലാഹു വഹ്യ് അറിയിച്ചു: മൂസാ, ഏഷണിയെ ഞാൻ നിങ്ങൾക്ക് നിരോധിക്കുകയും ഞാൻ തന്നെ ഏഷണി പറയുകയും ചെയ്യുകയോ? ഉടനെ മൂസാ നബി (അ) ബനൂഇസ്റാഈല്യരോട് പറഞ്ഞു: നിങ്ങളെല്ലാവരും ഒന്നടങ്കം ഏഷണിയിൽ നിന്നും രക്ഷിതാവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുവിൻ. അങ്ങനെ അവരെല്ലാവരും പശ്ചാത്തപിച്ച് മടങ്ങി. ഉടനെ അവരിൽ അല്ലാഹു മഴ വർഷിപ്പിക്കുകയും ചെയ്തു. (ഇഹ്യാഅ്)

ഹസ്രത്ത് സുഫ്യാൻ സൗരി (റ) രേഖപ്പെടുത്തിയിരിക്കുന്നു: ബനൂ ഇസ്റാഈൽ ഏഴ് വർഷക്കാലം കൊടും വരൾച്ചയിലും പട്ടിണിയിലും അകപ്പെട്ടു. കുപ്പക്കുഴിയിൽ നിന്നും ശവങ്ങൾ പെറുക്കിയെടുത്ത് ജനങ്ങൾ ഭക്ഷിച്ച് തുടങ്ങി. മാത്രവുമല്ല, മനുഷ്യ മാംസം വരെ മനുഷ്യർ ഭക്ഷിക്കുന്ന സ്ഥിതി വിശേഷം സംജാതമായി. അല്ലാഹുവിനോട് സഹായം തേടിയും മഴയെ തേടിയും ജനങ്ങൾ മൈതാനത്തിലെത്തി. അല്ലാഹു ആ സന്ദർഭത്തിൽ അവരുടെ പ്രവാചകരെ വഹ്യ് അറിയിച്ചു: നിങ്ങളുടെ പാദങ്ങൾ തേഞ്ഞ് തീരുന്നതുവരെ നിങ്ങൾ എന്നിലേക്ക് നടന്ന് നീങ്ങിയാലും. നിങ്ങൾ നീട്ടുന്ന കരങ്ങൾ ആകാശത്തിൽ മുട്ടിയാലും ദുആ ചെയ്ത് ചെയ്ത് നിങ്ങളുടെ നാവുകൾ തളർന്നാലും ശരി, നിങ്ങൾ അക്രമം അവസാനിപ്പിക്കുന്നതുവരെ നിങ്ങൾ ദുആ

ഞാൻ സ്വീകരിക്കുന്നതല്ല. നിങ്ങളുടെ കരച്ചിൽ കണ്ട് നിങ്ങളോട് കരുണ കാണിക്കുന്നതുമല്ല. അങ്ങനെ അവർ അക്രമത്തിൽ നിന്നും പിന്തിരിയുകയും ഉടനെ തന്നെ മഴ വർഷിക്കുകയും ചെയ്തു. ഹദീസ് ഗ്രന്ഥങ്ങളിലും ചരിത്രത്തിന്റെ താളുകളിലും അമലുകളുടെ പ്രതിഫലനം ജീവിതത്തിലുണ്ടാകുന്നു എന്നതിന് വളരെയധികം ഉദാഹരണങ്ങൾ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മനുഷ്യൻ സൽപ്രവർത്തനത്തിൽ വ്യാപൃതനാണെങ്കിൽ ഐഹിക പാരത്രിക വിജയങ്ങൾ അവനെ തേടി എത്തുന്നതാണ്. പക്ഷേ, സൽപ്രവർത്തനങ്ങൾ കൈവെടിഞ്ഞാൽ ദുൻയാവിലും ആഖിറത്തിലും അവൻ നഷ്ടപ്പെട്ടവനായിത്തീരുന്നതാണ്. ജീവിതം ദുരിതങ്ങളും ക്ലേശങ്ങളും നിറഞ്ഞതായിത്തീരുന്നതാണ്.

റസൂലുല്ലാഹി ﷺ യുടെ സത്യസന്ധമായ തിരുവചനങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ അവകളെ അവഗണിച്ചുകൊണ്ടുള്ള നമ്മുടെ ജീവിതം നാം തന്നെ നമ്മോട് കാണിക്കുന്ന ക്രൂരതയാണെന്ന സത്യം നിഷേധിക്കാവുന്നതല്ല. നമ്മുടെ പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും കാരണവും മറ്റൊന്നല്ല. മുസ്‌ലിംകൾ പിന്നോക്കമാണെന്ന് നാം മുറവിളി കൂട്ടുന്നു. നമ്മുടെ ഉപമ വയറിളക്കം ബാധിച്ച രോഗയെപ്പോലെയാണ്. വയറിളക്കം ബാധിച്ചതിന് ശേഷവും വയറിളക്കുന്നതിനുള്ള മരുന്ന് അവൻ കഴിച്ചുകൊണ്ടിരിക്കുന്നു. ഇതുപോലെ മുസ്‌ലിംകളായ നാം അധഃപതനത്തിന്റെ കുഴി തോണ്ടുകയും ആ കുഴിയിൽ വീണു എന്ന് മുറവിലി കൂട്ടുകയും ചെയ്തുകൊണ്ടിരുന്നു.

അധികാരി വർഗ്ഗത്തിന്റെ അതിക്രമങ്ങളെ നാം ഭയപ്പെടുകയും ഭരണ മാറ്റങ്ങൾക്ക് വേണ്ടി മുറവിളി കൂട്ടുകയും ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, റസൂലുല്ലാഹി ﷺ യുടെ പ്രസ്പഷ്ടമായ പ്രഖ്യാപനം നാം വിസ്മരിക്കുന്നു. റസൂലുല്ലാഹി ﷺ അരുളി: നിങ്ങളുടെ ജീവിത നിലവാരമനുസരിച്ച് നിങ്ങൾക്ക് ഭരണകർത്താക്കളെ നിശ്ചയിക്കപ്പെടുന്നതാണ്. (മിശ്കാത്ത്)

സദ്‌വൃത്തരായ ഭരണകർത്താക്കൾ നാം ആഗ്രഹിക്കുന്ന പക്ഷം സൽപ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ തിരിക്കുക. അതാണ് നമ്മുടെ അടിയന്തിര ആവശ്യം. മറ്റൊരു ഹദീസിൽ ഈ വിഷയം ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു: ഹസ്രത്ത് അബുദർദാഅ് (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി ﷺ അരുളി: അല്ലാഹു പറയുന്നു: ഞാൻ അല്ലാഹുവാണ്. ആരാധനക്കർഹൻ ഞാനല്ലാതെ മറ്റാരുമില്ല. ഞാൻ അധികാരികളുടെ ഉടമയും അധികാരികളിൽ അധിപനുമാണ്. അധികാരികളുടെ ഹൃദയം എന്റെ കൈവശമാണ്. ജനങ്ങൾ എനിയ്ക്ക് വഴിപ്പെട്ട്

ജീവിതം നയിച്ചാൽ അധികാരികളുടെ ഹൃദയങ്ങളെ ഞാൻ അവരോട് കൃപയും കാരുണ്യവും ഉള്ളതാക്കിത്തീർക്കുന്നതാണ്. പക്ഷേ, ജനങ്ങളിൽ എനിയ്ക്ക് വഴിപ്പെടാത്ത ജീവിതം സംജാതമായാൽ അധികാരികളുടെ ഹൃദയങ്ങളിൽ രോഷവും വിദ്വോഷവും ഞാൻ നിറക്കുന്നതും ജനങ്ങളെ കടുത്ത ശിക്ഷകൾക്ക് അവർ വിധേയരാക്കുന്നതുമാണ്. ആയതിനാൽ ഭരണാധികാരികൾക്കെതിരിൽ ദുആ ചെയ്യുന്നതിൽ നിങ്ങൾ വ്യാപൃതരാകരുത്. നിങ്ങൾ എന്നെ ദിക്ർ ചെയ്യുകയും എന്നോട് വിനയത്തോടെ നിങ്ങളുടെ ആവശ്യങ്ങൾ ചോദിക്കുകയും ചെയ്യുവിൻ. എങ്കിൽ അവരുടെ രോഷത്തിൽ നിന്നും ഞാൻ നിങ്ങളെ കാത്ത് സൂക്ഷിക്കാം. (ത്വബ്റാനി)

ഇതേ ആശയം ഉൾക്കൊള്ളുന്ന വിവിധ നിവേദനങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ട്. ഞങ്ങളുടെ പാപങ്ങൾ കാരണമായി ഞങ്ങളോട് കരുണയില്ലാത്ത ഭരണാധികാരികളെ ഞങ്ങളുടെ മേൽ അടിച്ചേൽപ്പികരുതേ നാഥാ എന്ന് റസൂലുല്ലാഹി ﷺ ദുആ ചെയ്തിരുന്നു. പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ഇതേ പ്രകാരം അക്രമികളിൽ ചിലരെ അവരുടെ പ്രവർത്തന ഫലമായി മറ്റ് ചിലരുടെ മേൽ നാം ഭരണാധികാരികളാക്കിത്തീർക്കുന്നതാതണ്. (വി. ഖു: 6-129)

ഹസ്രത്ത് ഉമർ (റ) പറയുന്നു: എന്റെ മുമ്പിൽ വിവരിക്കപ്പെട്ടു: ഹസ്രത്ത് മൂസാ നബി (അ), ഹസ്രത്ത് ഈസാ നബി (അ) രണ്ടിലൊരാൾ അല്ലാഹുവിനോട് ചോദിച്ചു: രക്ഷിതാവേ, ജനങ്ങളിൽ നീ സംതൃപ്തനാണെന്നതിന്റെ അടയാളമെന്ത്? അല്ലാഹു പറഞ്ഞു: വിത്ത് വിതയ്ക്കുന്ന കാലത്ത് ഞാൻ മഴ വർഷിപ്പിക്കും. കൊയ്ത്ത് കാലത്ത് മഴ വർഷിപ്പിക്കാതിരിക്കും. ഭരണകാര്യങ്ങൾ ക്ഷമാശീലരെയും പൊതുമുതൽ മാന്യന്മാരെയും ഭരമേൽപ്പിക്കും. വീണ്ടും ചോദിച്ചു: രക്ഷിതാവേ, നിന്റെ കോപത്തിന്റെ ലക്ഷണമെന്ത്? അല്ലാഹു പറഞ്ഞു: കൊയ്ത്ത് കാലത്ത് മഴ വർഷിപ്പിക്കും. വിളവിറക്കുന്ന കാലത്ത് മഴയെ തടയും. ഭരണ കാര്യങ്ങൾ മഠയന്മാരെയും പൊതുമുതൽ ലുബ്ധന്മാരെയും ഭരണമേൽപ്പിക്കും. (ദുർറുൽ മൻസൂർ) റസൂലുല്ലാഹി ﷺ അരുളി: സൽക്കർമ്മങ്ങൾ ഉപദേശിക്കുകയും ദുഷ്കർമ്മങ്ങൾ തടയുകയും ചെയ്യുവിൻ. അതിന് നിങ്ങൾ സന്നദ്ധരല്ലാത്ത പക്ഷം നിങ്ങളിലെ ദുഷ്ടന്മാരെ അല്ലാഹു നിങ്ങളുടെ അധികാരികളാക്കിത്തീർക്കുന്നതാണ്. ശേഷം നിങ്ങളിലെ സജ്ജനങ്ങൾ ദുആ ചെയ്യും. പക്ഷേ, നിങ്ങളുടെ ദുആ സ്വീകരിക്കപ്പെടുന്നതല്ല. (അൽ ജാമിഅ്) സജ്ജനങ്ങളുടെ ദുആ പ്രതീക്ഷിക്കുന്നവനം തങ്ങളുടെ ദുആ സ്വീകരിക്കപ്പെടുന്നില്ല എന്ന്

വിലപിക്കുന്നവനും ഉപരിസൂചിത ഹദീസിൽ തങ്ങളുടെ കർത്തവ്യമായ ചൂണ്ടിക്കാണിക്കപ്പെട്ട സന്മാർഗ്ഗോപദേശവും ദുർമാർഗ്ഗ നിരോധനവും വിസ്മരിക്കപ്പെട്ട നിലയിലാണെന്ന യാഥാർത്ഥ്യം സ്മരിച്ചുകൊള്ളട്ടെ. റസൂലുല്ലാഹി ﷺ അരുളി; അല്ലാഹു ഒരു സമൂഹത്തിൽ നന്മയെ ലക്ഷ്യമാക്കുമ്പോൾ അവരിൽ ക്ഷമാശീലരെ ഭരണമേൽപ്പിക്കും. അവരിലെ ഉലമാക്കളെ വിധികർത്താക്കളാക്കും. ധനം മാന്യന്മാരെ ഭരമേൽപ്പിക്കും. മറിച്ച് ഒരു സമൂഹത്തിൽ തിന്മയെ ലക്ഷ്യമാക്കിയാൽ അവരിലെ മഠയന്മാരെ ഭരണഭാരമേൽപ്പിക്കും. മറിച്ച് ഒരു സമൂഹത്തിൽ തിന്മയെ ലക്ഷ്യമാക്കിയാൽ അവരിലെ മഠയന്മാരെ ഭരണഭാരമേൽ പ്പിക്കും. ജാഹിലീങ്ങളെ വിധികർത്താക്കളാക്കും. ധനം ലുബ്ധന്മാരെ ഏൽപ്പിക്കുകയും ചെയ്യും. (ദൈലമി)

ഹസ്രത്ത് അലി (റ) നിവേദനം. റസൂലുല്ലാഹി ﷺ അരുളി; അല്ലാ ഹുവിന്റെ കോപം ഒരു സമൂഹത്തിൽ ഉണ്ടാവുകയും ഭൂമി പിടിക്കുക, കോലം മറിക്കുക തുടങ്ങിയ ശിക്ഷ അവരിൽ ഇറങ്ങാതിരിക്കുകയും ചെയ്താൽ വിലവർദ്ധനവ്, വരൾച്ച, ദുഷ്ടന്മാർ ഭരണ ഭാരമേൽക്കുക തുടങ്ങിയ ശിക്ഷകൾ അവരിൽ ഇറങ്ങുന്നതാണ്. (ഇബ്നു അസാകിർ) ഹസ്രത്ത് ജാബിർ (റ) നിവേദനം. അല്ലാഹു പറയുന്നു: എന്റെ കോ പത്തിന് വിധേയരായ ചിലരെ എന്റെ കോപത്തിന് വിധേയരായ മറ്റ് ചിലരെക്കൊണ്ട് ഞാൻ ശിക്ഷിക്കുന്നതാണ്. ശേഷം എല്ലാവരെയും ഞാൻ നരകത്തിലേക്ക് നയിക്കുന്നതാണ്. (ത്വബ്റാനി)

ഹസ്രത്ത് അബൂഉമാമ (റ) നിവേദനം. റസൂലുല്ലാഹി ﷺ അരുളി: ഭരണ കർത്താക്കളെ നിങ്ങൾ അസഭ്യം പറയരുത്. അവരുടെ നന്മയ്ക്ക് നിങ്ങൾ ദുആ ചെയ്യുവിൻ. കാരണം അവരുടെ നന്മ നിങ്ങളുടെയും നന്മ യാണല്ലോ. (ത്വബ്റാനി) ഹസ്രത്ത് ആഇശ (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി ﷺ അരുളി: ഭരണകർത്താക്കളെ ആക്ഷേപിക്കുന്നതിൽ നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ ബന്ധിപ്പിക്കരുത്. നിങ്ങൾ അല്ലാ ഹുവിന്റെ സാമിപ്യം കരസ്ഥമാക്കുവിൻ. അവർക്ക് വേണ്ടി ദുആയും ചെയ്യുവിൻ. എങ്കിൽ അല്ലാഹു അവരുടെ ഹൃദയങ്ങളെ നിങ്ങളോട് ദയ ഉള്ളതാക്കിത്തീർക്കുന്നതാണ്. (അൽ ജാമിഅ്)

ഹസ്രത്ത് മക്കിയ്യുബ്നു ഇബ്റാഹീം (റ) പറയുന്നു: ഞങ്ങൾ ഹസ്രത്ത് ഇബ്നു ദൗനി (റ)ന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. സദസ്യർ ബിലാലുബ്നു അബീബുർദത്തിനെ ശപിച്ചും ആക്ഷേപിച്ചും സംസാരിച്ചു. ഹസ്രത്ത് ഇബ്നു ദൗൽ (റ) നിശബ്ദരായിരുന്നു. സദ സ്യർ പറഞ്ഞു: താങ്കളോട് ഇദ്ദേഹം ചെയ്ത തെറ്റിന്റെ പേരിലാണല്ലോ

ഞങ്ങൾ ഇദ്ദേഹത്തോട് ഈ നിലയിൽ സംസാരിച്ചത്. ഹസ്രത്ത് ഇബ്നു ദൗൽ (റ) അരുളി: എന്റെ അമലുകളുടെ റിക്കാർഡിൽ ഓരോ വാക്കും എഴുതപ്പെടും. ഖിയാമത്ത് നാളിൽ അത് വായിക്കപ്പെടുകയും ചെയ്യും. എന്റെ റിക്കാർഡിൽ ലാ ഇലാഹ ഇല്ലല്ലാഹ് അധികമായി എഴുതപ്പെടുന്നത് ശാപവചനങ്ങളെക്കാൾ എനിയ്ക്ക് പ്രിയങ്കരമാണ്. (ഇഹ്യാഅ്) സാഹിഹായ ഒരു മനുഷ്യന്റെ സന്നിധിയിൽ വെച്ച് ഒരാൾ ഹജ്ജാജുബ്നു യൂസുഫിനെതിരിൽ ശാപ പ്രാർത്ഥന തുടങ്ങി. ആ മഹാൻ അദ്ദേഹത്തോട് പറഞ്ഞു: താങ്കൾ ഇപ്രകാരം ചെയ്യരുതേ. കാരണം ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതെല്ലാം നിങ്ങളുടെ പ്രവർത്തനങ്ങളുടെ അനന്തര ഫലങ്ങൾ മാത്രമാണ്. മാത്രവുമല്ല ഹജ്ജാജ് സ്ഥാന ഭ്രഷ്ടനാകുകയോ മരണപ്പെടുകയോ ചെയ്താൽ കുരങ്ങുകളെയോ പന്നികളെയോ നിങ്ങളുടെ ഭരണഭാരം ഏൽപ്പിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. (അൽ മഖാസിദുൽ ഹസന)

അഅ്മാലുകും ഉമ്മാലുകും എന്ന ആപ്തവാക്യം ഹദീസാണെന്നും അഭിപ്രായമുണ്ട്. നിങ്ങളുടെ പ്രവർത്തനങ്ങളുടെ അനന്തരഫലമാണ് നിങ്ങളുടെ ഭരണ കർത്താക്കളുടെ നടപടി എന്നതത്രെ അതിന്റെ വിവക്ഷ. ഹസ്രത്ത് വാസിലത്തുബ്നൽ അസ്ഖഅ് (റ) നിവേദനം ചെയ്യുന്നു: റസൂലുല്ലാഹി ﷺ അല്ലാഹുവിന് തഖ്‌വ ചെയ്ത ഒരു മനുഷ്യൻ ജീവിച്ചാൽ അല്ലാഹു എല്ലാ വസ്തുക്കളെയും അവനെ ഭയപ്പെടുന്നതാക്കിത്തീർക്കുന്നതാണ്. അല്ലാഹുവിനെ തഖ്‌വ ചെയ്ത് ജീവിതം നയിക്കാത്തപക്ഷം അല്ലാഹു അവനെ ഓരോ വസ്തുവിന്റെയും മുമ്പിൽ ഭയമുള്ളവനാക്കിത്തീർക്കുന്നതാണ്.

ഉപരിസൂചിത വിശകലനത്തിൽ നിന്നും ബോദ്ധ്യപ്പെടുന്ന യാഥാർത്ഥ്യം മുസ്‌ലിം സമുദായം അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്ന അഖില പ്രശ്നങ്ങളിലേക്കും റസൂലുല്ലാഹി ﷺ വ്യക്തമായ സൂചനകൾ നൽകിയിരുന്നു എന്നുള്ളതാണ്. സത്യവിശ്വാസികളായ നാം നമ്മുടെ വിശ്വാസവും സംസ്കാരവും ആചാര അനുഷ്ഠാനങ്ങളും കൈയ്യവെടിഞ്ഞതാണ് നമ്മുടെ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം. ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം: പാപ കർമ്മങ്ങൾ ദുൻയവിയായ പരീക്ഷണങ്ങൾക്ക് കാരണമാക്കും. സൽപ്രവർത്തനങ്ങൾ ദുൻയവിയും ഉഖ്റവിയുമായ വിജയ കവാടങ്ങൾ തുറന്ന് തരും. മാത്രമവുമല്ല ചില പ്രത്യേക പാപകർമ്മങ്ങൾ ചില പ്രത്യേക മുസീബത്തുകൾക്കും കാരണമാകും. ചില പ്രത്യേക ഇബാദത്തുകൾ ചില പ്രത്യേക ഖൈറുകൾക്കും കാരണമാകും.

നാം നമ്മുടെ പ്രതികൂല അവസ്ഥകളെ സംബന്ധിച്ച് പരാതിപ്പെടുന്നു.

പക്ഷേ, അവയുടെ കാരണങ്ങളെ സംബന്ധിച്ച് നാം ചിന്തിക്കുന്നില്ല. നമ്മുടെ തെറ്റുകളിൽ നാം ഉണരുന്നുമില്ല. കേവലം പാരിതോഷികങ്ങളുടെ പ്രതീക്ഷയിൽ മാത്രം കഴിയുന്നവരാണ് നാം. ആരെങ്കിലും നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ അവരെ നാം ആക്ഷേപിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നു. നമ്മെ ഒരു രോഗിയോട് ഉപമിക്കാം. തന്റെ രോഗം വർദ്ധിക്കുന്നതിന് കാരണമാകുന്ന കാര്യങ്ങളിൽ ആ രോഗി തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ തള്ളിക്കളയുകയും ഡോക്ടറെ തന്നെ മഠയനായി ചിത്രീകരിക്കുകയും ചെയ്യുന്നു. ഇത് തന്നെയാണല്ലോ നമ്മുടെയും അവസ്ഥ. അല്ലാഹുവിന്റെ തിരുസന്നിധിയിൽ പരാതി സമർപ്പിക്കാം. അവന്റെ സഹായത്തിൽ പ്രതീക്ഷ അർപ്പിക്കാം. അവന്റെ സഹായം അതാണല്ലോ നമ്മുടെ അതെ, മുസ്‌ലിംകളുടെ രക്ഷാമാർഗ്ഗം.

പരിശുദ്ധ ഖുർആനും തിരുസുന്നത്തും മുറുകെ പിടിച്ച് മുൻഗാമികളെ മാതൃകയാക്കി ഇബാദത്തും ദഅ്വത്തും മുഖമുദ്രയാക്കി ജീവിത യാത്ര തുടരാം. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി രക്ഷാമാർഗ്ഗം അവലംബിച്ച് വിജയത്തിന്റെ രാജവീഥിയിലൂടെ ബഹുദൂരം സഞ്ചരിക്കുന്നതിന് സർവ്വ ശക്തൻ നാം ഏവർക്കും തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ യാ റബ്ബൽ ആലമീൻ